അറിവിൽ നിറയാൻ... നിറവിൽ വളരാൻ...

# സ്നേഹദൂത്

Since 1997

St. Sebastian's Church, Nellikkunnu
Thrissur - 680 005, Ph : 2422324
E-mail Church : nellikkunnusebastian@gmail.com
facebook : snehadoothuNellikkunnu
www.nellikunnuchurch.com





## പത്രാധിപ സമിതി

**എഡിറ്റർ**
റവ. ഫാ. ജെയിംസ് പോൾ വടക്കൂട്ട്
Mob : 9847695401


**അസോസിയേറ്റ് എഡിറ്റർ**
ഫാ. ജിതിൻ നെല്ലങ്കര Mob:9544951206

**മാനേജിങ് എഡിറ്റർ**
ഡോ. ബിനോയ് സി. എഫ്. Mob:8921645795

**സെക്രട്ടറി**
ലിയോ കെ. ആന്റണി Mob:7012803077

**ട്രഷറർ**
ജേക്കബ് ജോർജ്ജ് കാഞ്ഞൂക്കാരൻ
Mob:9388915965

**എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ**
ഫ്രാങ്കോ കെ. ഡി. Mob:9495246401
ജോസഫ് ഒ. ഡി. Mob:9847607508
സജു ജോസ് Mob:7306005733
സി. നീത ടെസിൻ Mob:6238711551
നിമ്മി ആന്റലോ Mob:9544022444
ജോളി മൈക്കിൾ Mob:8281150281
സനിൽ ലാസർ Mob:9383449428
മിനി ജോർജ്ജ് Mob:8086701198


ഡിസംബർ - 2023
പുസ്തകം - 25, ലക്കം - 12


## ഉള്ളടക്കം


☆ എഡിറ്റോറിയൽ
☆ ഇടയസന്ദേശം
☆ കൊച്ചച്ചന്റെ സന്ദേശം
☆ 2023 ക്രിസ്തുമസ്
2024 തിരുനാൾ ആഘോഷങ്ങൾ
☆ വി. ഒളിമ്പിയാസ്
☆ പൊരുളറിയാൻ
☆ കഥ
☆ ക്രിസ്തുവിനു പിന്നാലെ
☆ ദിവ്യകാരുണ്യ അത്ഭുതങ്ങൾ
☆ ചിന്താവിഷയം
☆ ഉപന്യാസം
☆ ചെറുകഥ
☆ ഫീച്ചർ
☆ ചുറ്റുവട്ടം
☆ കളറിങ്ങ്
☆ ചിന്താസരണി
☆ ക്വിസ് മത്സരങ്ങൾ
☆ കുടുംബകൂട്ടായ്മ – വചനവായന
☆ ഓർമ്മദിനങ്ങൾ
☆ പ്രതിനിധിയോഗ തീരുമാനങ്ങൾ
☆ വചനകലണ്ടർ



ട്രസ്റ്റികൾ : പല്ലൻ പൈലോത് രാജൻ Mob : 9745459244, കോട്ടപ്പറമ്പിൽ ജോൺ ബിജു Mob : 9846870982,
വാഴപ്പിള്ളി പീറ്റർ ഫെല്ലർ Mob : 9048990915, അക്കര ജോണി ജോൺസൻ Mob : 9961350951
ദേവാലയ ശുശ്രൂഷി : സജു ജോസ് Mob : 7306005733 ഓഫീസ് മാനേജർ : ജേക്കബ് കാഞ്ഞൂക്കാരൻ Mob : 9388915965



Printed & Published by Fr. James Paul Vadakkoott, St. Sebastian's Church, Nellikkunnu,
Ph : 2422324, Mob : 9188779324. Snehadoothu Parish Bulletin (For Private Circulation Only).
Lay-out and Designing Concept (Prasoon) : 9747464398. Printed at Lourdenatha Press, Thrissur. Ph : 0487-2322199.


## വി. കുർബാന സമയങ്ങൾ

സാധാരണ ദിവസങ്ങളിൽ : 6 am, 7 am
വ്യാഴാഴ്ചകളിൽ : 5 pm
ഞായറാഴ്ചകളിൽ : 6 am, 7.30 am, 9 am, 5 pm

## പള്ളി ഓഫീസ് സമയം :

8.30 am to 12.30 pm 3.30 pm to 6.45 pm
(ഞായർ മുടക്കം)




# 'ഫെയ്സ് ഓഫ് ദി ഫെയ്സ്ലെസ്'

മധ്യപ്രദേശിലെ ഇൻഡോറിൽ രക്തസാക്ഷിത്വം വരിച്ച വാഴ്ത്തപ്പെട്ട സി. റാണി മരിയയുടെ ജീവിതത്തെ അടിസ്ഥാനമാക്കി ചിത്രീകരിച്ച കേരളത്തിലെ തിയ്യറ്ററുകളിൽ ഇപ്പോൾ പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്ന ചലച്ചിത്രമാണ് 'Face of the Faceless'. സമൂഹത്തിൽ നടമാടികൊണ്ടിരിക്കുന്ന വിവിധതരം തിന്മകൾക്കെതിരെയുള്ള പോരാട്ടമാണ് ചിത്രം മുന്നോട്ടുവയ്ക്കുന്നത്. സാമൂഹ്യതിന്മകൾക്കെതിരെ ഒരു വ്യക്തിക്ക് അല്ലെങ്കിൽ സമൂഹത്തിന് എങ്ങനെ പ്രതിരോധം തീർക്കാം എന്ന് സി. റാണി മരിയയുടെ ജീവിതവും പ്രവർത്തനങ്ങളും രക്തസാക്ഷിത്വവും വഴി ഈ ചലച്ചിത്രം പ്രേക്ഷകനെ ഓർമ്മിപ്പിക്കുന്നു.

യേശുക്രിസ്തുവിന്റെ ത്യാഗസന്ദേശം ലോകമെമ്പാടും എത്തിക്കാൻ 'ഫെയ്സ് ഓഫ് ദി ഫെയ്സ്ലെസ്' പോലുള്ള സിനിമകൾ വഹിക്കുന്ന പങ്ക് വലുതാണ്. 'നിന്നെ പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക' എന്ന യേശുവചനം എങ്ങനെ സി. റാണി മരിയ തന്റെ ജീവിതത്തിൽ പ്രാവർത്തികമാക്കി എന്നത് ഏറെ മിഴിവോടെ തന്നെയാണ് ചിത്രീകരിച്ചിരിക്കുന്നത്. 16 സംസ്ഥാനങ്ങളിൽ നിന്നും 150ൽ പരം കലാകാരന്മാർ അണിനിരക്കുന്ന ഈ ചിത്രം ഇതിനോടകം മുപ്പതോളം അന്താരാഷ്ട്ര അവാർഡുകളും കരസ്ഥമാക്കി. ഇന്നത്തെ സാമൂഹ്യ-രാഷ്ട്രീയ പശ്ചാത്തലത്തിൽ മികവുറ്റതും കലാമൂല്യവുമുള്ള സിനിമയാണ് ഫെയ്സ് ഓഫ് ദി ഫെയ്സ്ലെസ്! നന്മ കാംക്ഷിക്കുന്ന, നന്മയെ ഇഷ്ടപ്പെടുന്ന ഏതൊരു മനുഷ്യനും ഇത്തരം കലാസൃഷ്ടികളെ പിന്തുണക്കും എന്നത് നിസ്തർക്കമാണ്.

മുഖമില്ലാത്തവർക്കു മുഖമാകേണ്ടവരാണ് നാം ഓരോരുത്തരും. ക്രൈസ്തവസഭയുടെ ദൗത്യം അതാണ്; ഓരോ ക്രിസ്ത്യാനിയുടെയും വിളിയും ദൗത്യവും അതു തന്നെയാണ്. ആ ദൗത്യത്തിൽ നാം ഏതളവു വരെ വിജയിച്ചു എന്ന് ആത്മപരിശോധന ചെയ്യാം.

(തുടർച്ച പേജ് 5ൽ)






മിശിഹായ്ക്ക് പ്രിയപ്പെട്ടവരെ,

എല്ലാവർക്കും ദൈവപുത്രന്റെ തിരുപിറവിയുടെ ആശംസകൾ സ്നേഹപൂർവ്വം നേരുന്നു. ഉണ്ണിയേശുവിനെ നവമായി സ്വീകരിയ്ക്കുവാൻ നമ്മെ ഒരുക്കുന്ന 25 നോമ്പ് പ്രാർത്ഥനാപൂർവ്വം അനുഷ്ഠിക്കുവാൻ പ്രത്യേകം ഓർമ്മപ്പെടുത്തുന്നു. ഓരോ കൊല്ലവും നാം ആഘോഷിക്കുന്ന ക്രിസ്തുമസ് തീക്ഷ്ണപൂർവ്വം ക്രിസ്തുവിനെ സ്വീകരിക്കുവാനുള്ള ഒരുക്കലാണ്. മാലാഖമാർ പാടിയ 'സന്മനസ്സു'ള്ളവരായി തീരുവാനുള്ള; 'ഇന്നലെകളുടെ മനസ്സിൽ' നിന്ന് കൂടുതൽ ക്രിസ്തുമനസ്സുകളായി തീരുവാനും തുടർന്നും ആ മനസ്സോടുകൂടി ജീവിയ്ക്കുവാനുള്ള ആഹ്വാനവുമാണ് അത്. ക്രിസ്തു നമ്മിൽ രൂപംകൊള്ളുമ്പോൾ തിന്മ ഇല്ലാതെ ആയി നന്മകളിലും ദൈവിക ഗുണങ്ങളിലും വളർന്ന് നാം ഉണ്ണിയേശുകളായി തീരും.

വി. യൗസേപ്പിനേയും പരി. മറിയത്തേയും പോലെ ദൈവസന്നിധിയിൽ കൃപ കണ്ടെത്തുന്നവർക്കാണ് ദൈവം ഈശോയെ നൽകുക. ദൈവകൃപ ദൈവദാനമാണെങ്കിലും അവ പ്രാപ്യമാകുന്നത് നമ്മുടെ പ്രയത്നത്താലും ജീവിതരീതി കൊണ്ടുമാണ്. ഉണ്ണിയേശുവിനെ സ്വന്തം കൈകളിൽ സ്വീകരിച്ച് ആരാധിച്ച് ആനന്ദനിവൃതിയിലായ പരി. മറിയത്തേയും, വി. യൗസേപ്പിനേയും പോലെ, ഹൃദയവിശുദ്ധിയോടും ഒരുക്കത്തോടും കൂടി പരി. കുർബാന നാം സ്വീകരിയ്ക്കുമ്പോൾ ആ ഉണ്ണിയേശുവിനെ തന്നെയാണ് നാം സ്വീകരിക്കുന്നത്. ദിവ്യ ഉണ്ണിയേശുവിന്റെ മാതാപിതാക്കൾക്കുണ്ടായ ആ ദിവ്യ അനുഭൂതി നമുക്ക് അനുഭവിക്കാനാകുന്നെങ്കിൽ മാലാഖമാരുടെ സ്തുതിഗീതം നമ്മുടെ ജീവിതത്തിൽ അന്വർത്ഥമായതിൽ നമുക്ക് സന്തോഷിയ്ക്കാം. ഈ ക്രിസ്തുമസ് നമുക്കേ

(തുടർച്ച പേജ് 6ൽ)



# കൊച്ചച്ചന്റെ സന്ദേശം

ഹായ് ഫ്രണ്ട്സ്,

നമ്മൾ എന്നും ഓർമ്മിക്കാനിഷ്ടപ്പെടുന്ന, നമ്മുടെ ജീവിതത്തിൽ നല്ല നിമിഷങ്ങൾ സമ്മാനിച്ച ദിനമാണ് ക്രിസ്തുമസ്. ഇനി ഡിസംബർ 25നായുള്ള കൗണ്ട് ഡൗൺ ആരംഭിക്കാണ്, കട്ട വെയ്റ്റിംഗ്... ഓർക്കുമ്പോൾതന്നെ മനസ്സിൽ സന്തോഷം.

അത്യുന്നതങ്ങളിൽ ദൈവത്തിന് സ്തുതി! ഭൂമിയിൽ മനുഷ്യർക്ക് സമാധാനവും പ്രത്യാശയും നേർന്നുകൊണ്ട് മാലാഖമാർ യേശുവിന്റെ ജനനം വരവേറ്റത്. ഒരാളുടെ ജനനം, അതു മറ്റുള്ളവർക്ക് – കൂടെയുള്ളവർക്ക് – സന്തോഷവും പ്രത്യാശയും സമാധാനവുമാകുമ്പോഴാണ്. ജനനത്തിന്റെ മഹത്വം വിലയിരുത്തുന്നത് ജീവിതചെയ്തികളിലെ വിശുദ്ധിയെ വിലയിരുത്തിയായിരിക്കും. ശരിക്കും എന്റെ ജനനം മറ്റുള്ളവർക്ക് – കൂടെയുള്ളവർക്ക് – സന്തോഷവും സമാധാനവും പ്രത്യാശയും നൽകുന്നുവോ... നമ്മുടെ ജനനം നമ്മുടെ കുടുംബത്തിനും ഇടവകയ്ക്കും നാടിനും അനുഗ്രഹമാണോ ?

ദൈവപുത്രനായിട്ടും മനുഷ്യനായി അവതരിച്ചവൻ... എല്ലാമുണ്ടായിട്ടും ഒന്നും ഇല്ലാത്തവനെപോലെ ജീവിച്ച് കടന്നുപോയവൻ... അഹങ്കരിക്കാനും എല്ലാ വകയുണ്ടായിട്ടും താഴ്മയോടെ പാദങ്ങൾ കഴുകിയവൻ... അത്ഭുതങ്ങളാൽ നിറഞ്ഞിട്ടും കുരിശിനെ വാരിപ്പുണർന്നവൻ... പിന്നെങ്ങനെയാണ് അവന്റെ ജീവിതം അനുഗ്രഹപ്രദമല്ലാതിരിക്കുക... അവനെക്കാൾ വലിയവനാകാനല്ല, അവനെപ്പോലെയാകാനാണ് ഞാനും നീയും വിളിക്കപ്പെട്ടിരിക്കുന്നത്. അങ്ങനെ ഈ ജന്മം അനുഗ്രഹപ്രദമാക്കാം... ക്രിസ്മസിന് ഒരുങ്ങാം...

ആഘോഷിക്കാം...

അടിച്ചുപൊളിക്കാം...

അവനോടൊപ്പം... അവനോടൊപ്പം മാത്രം...

with love

**കൊച്ചച്ചൻ**





(പേജ് 2ൽ നിന്ന് തുടർച്ച)

കുറവുകൾ വന്നിട്ടുണ്ടെങ്കിൽ നികത്താം... പൗലോസ് അപ്പസ്തോലൻ പറഞ്ഞതുപോലെ മറ്റൊരു ക്രിസ്തുവായി മാറാൻ നമുക്കും ആത്മാർത്ഥമായി പരിശ്രമിക്കാം.

തിരുപ്പിറവിയുടെ ഹൃദ്യമായ മംഗളങ്ങൾ ഏവർക്കും നേരുന്നു...

**മാനേജിംഗ് എഡിറ്റർ**

---

(പേജ് 3ൽ നിന്ന് തുടർച്ച)

വർക്കും സന്മനസ്സിന്റെ നവജീവിതമായി തീരട്ടെയെന്ന് പ്രാർത്ഥനാപൂർവ്വം ആശംസിക്കുന്നു.

ഡിസംബർ 31–ാം തിയ്യതി 2023 അവസാനിച്ച് 2024ലേയ്ക്ക് പ്രവേശിക്കുന്നു. നൽകപ്പെട്ട ദാനങ്ങൾക്ക് നന്ദി പറഞ്ഞുകൊണ്ടും വീഴ്ചകളെകുറിച്ച് മാപ്പ് ചോദിച്ചുകൊണ്ടും സ്നേഹത്തിന്റെ പുതിയ വർഷത്തിലേക്ക് പ്രവേശിക്കാം. അനുരഞ്ജനപ്പെടുവാനുള്ളവരോട് അനുരഞ്ജിതരായി ഘനമില്ലാത്ത ഹൃദയമായി 2024 സന്തോഷത്തിന്റേയും സമാധാനത്തിന്റേയും വർഷമായി തീരട്ടെയെന്ന് പ്രത്യാശിയ്ക്കുന്നു.

2024 ജനുവരി 6, 7, 8 തിയ്യതികളിൽ ആഘോഷിക്കുന്ന നമ്മുടെ ഇടവക മദ്ധ്യസ്ഥനായ വി. സെബസ്ത്യാനോസിന്റെ തിരുനാൾ വ്യക്തിയിലും കുടുംബത്തിലും അനുഗ്രഹമായി തീരട്ടെയെന്ന് പ്രത്യാശിച്ചും തിരുനാൾ വിജയകരമായി തീരുവാൻ എല്ലാവരുടേയും സഹകരണം കാംക്ഷിച്ചും, സ്നേഹപൂർവ്വം എല്ലാവർക്കും തിരുനാൾ ആശംസകൾ നേരുന്നു.

**ഫാ. വികാരി ജെയിംസ് വടക്കൂട്ട്**



**കിഡ്സ് കോർണർ**

**Annviya Prince, V B**

ഇടവകയിലെ വേദപാഠം വിദ്യാർത്ഥികളിൽ നിന്നും കഥ, കവിത, ചിത്രരചന എന്നിവ ക്ഷണിക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്നവ പ്രസിദ്ധീകരിക്കുന്നതാണ്.

# 2023 ക്രിസ്തുമസ്
# 2024 തിരുനാൾ ആഘോഷങ്ങൾ



**2023 ഡിസംബർ 21 വ്യാഴം**

9 a.m. മുതൽ : കിടപ്പുരോഗികൾക്ക് ക്രിസ്തുമസ് കുമ്പസാരം, കുർബാന സ്വീകരണം

**2023 ഡിസംബർ 22, 23 (വെള്ളി, ശനി)**

9 a.m. to 12 a.m., 5 p.m. to 8 p.m. : കുമ്പസാരം

**2023 ഡിസംബർ 24 ഞായർ**

6 a.m., 7.30 a.m., 9 a.m. : കുർബാനകൾ,
: **5 p.m. കുർബാന ഉണ്ടായിരിക്കുന്നതല്ല.**
11.45 p.m. : തിരുപിറവി തിരുകർമ്മങ്ങൾ; വി. കുർബാന

**2023 ഡിസംബർ 25 തിങ്കൾ – ക്രിസ്തുമസ് ദിനം**

6 a.m; 7.30 a.m. : വി. കുർബാനകൾ
**ഉച്ചതിരിഞ്ഞ് കുർബാന ഉണ്ടായിരിക്കുന്നതല്ല.**

**2023 ഡിസംബർ 31 ഞായർ**

6 a.m. : വി. കുർബാന
7.30 a.m. : വി. കുർബാന; തിരുന്നാൾ കൊടികയറ്റം
9 a.m. : വി. കുർബാന
5 p.m. : ലദീഞ്ഞ്, നൊവേന, വി. കുർബാന
കാർമ്മികൻ : **ഫാ. ജിതിൻ നെല്ലങ്കര**
11.30 p.m. : ആരാധന; വർഷാവസാന പ്രാർത്ഥന, വർഷാരംഭ പ്രാർത്ഥന; കുർബാന

**2024 ജനുവരി 1 തിങ്കൾ**

7 a.m. : വി. കുർബാന
**6 a.m : കുർബാന ഉണ്ടായിരിക്കുന്നതല്ല.**
5 p.m. : ലദീഞ്ഞ്, നൊവേന, വി. കുർബാന
കാർമ്മികൻ : **ഫാ. സീജൻ ചക്കാലയ്ക്കൽ**
(വികാരി, അവണൂർ പള്ളി)





**ജനുവരി 2 ചൊവ്വ**

6 a.m; 7 a.m. : വി. കുർബാനകൾ
5 p.m. : ലദീഞ്ഞ്, നൊവേന, വി. കുർബ്ബാന
: **ഫാ. ജോൺ പേരാമംഗലം**
(അസി. വികാരി, അരണാട്ടുകര പള്ളി)

**ജനുവരി 3 ബുധൻ**

6 a.m; 7 a.m. : വി. കുർബാനകൾ
5 p.m. : ലദീഞ്ഞ്, നൊവേന, വി. കുർബ്ബാന
: **ഫാ. ആന്റണി മേനാച്ചേരി**
(വികാരി, സ്നേഹപുരം പള്ളി)

**ജനുവരി 4 വ്യാഴം**

6 a.m; 7 a.m. : വി. കുർബാനകൾ
5 p.m. : ലദീഞ്ഞ്, നൊവേന, വി. കുർബ്ബാന
: **ഫാ. റോജോ എലുവത്തിങ്കൽ**
(വികാരി, പുതുശ്ശേരി പള്ളി)

**ജനുവരി 5 മാസാദ്യ വെള്ളി**

6 a.m; 7 a.m. : വി. കുർബാനകൾ
5 p.m. : ആരാധന, ലദീഞ്ഞ്, നൊവേന, വി. കുർബ്ബാന
: ദീപാലങ്കാരം സ്വിച്ച് ഓൺ കർമ്മം
: **ഫാ. മിഥുൻ ചുങ്കത്ത്**
(അസി. വികാരി, കണ്ടശ്ശാംകടവ്)

**ജനുവരി 6 ശനി**

6 a.m : വി. കുർബാന
7.15 a.m : **പ്രസുദേന്തി വാഴ്ച**
: ലദീഞ്ഞ്, നൊവേന, വി. കുർബ്ബാന
: **അമ്പ് വെഞ്ചരിക്കൽ**
: **രൂപം എഴുന്നള്ളിച്ച് വെയ്ക്കൽ**
: **യൂണിറ്റുകളിലേക്ക് അമ്പ് നൽകൽ**
10 p.m. : **യൂണിറ്റുകളിൽ നിന്ന് അമ്പ് പള്ളിയിലെത്തി ചേരുന്നു, അമ്പ് സമാപനം**
11 p.m. : **തിരുന്നാൾ സമാപനം. ലൈറ്റ് ഓഫ്**

**ജനുവരി 7 ഞായർ തിരുന്നാൾ ദിനം**

6 a.m. : വി. കുർബ്ബാന
: **ഫാ. ജെയിംസ് വടക്കൂട്ട്** (ഇടവക വികാരി)
7.30 a.m. : വി. കുർബ്ബാന
: **ഫാ. ജിതിൻ നെല്ലങ്കര** (ഇടവക അസി. വികാരി)
10 a.m. : **തിരുന്നാൾ കുർബ്ബാന**
: **റവ. ഫാ. ലിൻസ് പെട്ടുവയലിൽ**
(തലശ്ശേരി അതിരൂപത)
തിരുന്നാൾ സന്ദേശം : **റവ. ഫാ. ലിയോ പുത്തൂർ**
(അസി. ഡയറക്ടർ, വിയാനി ഭവൻ)
സഹവൈദികൻ : **റവ. ഫാ. ലിജോ ഐക്കരത്താഴെ**
(സുപ്പീരിയർ, എം.എസ്.ജെ. സെമിനാരി)
4.30 p.m. : വി. കുർബാന
: **റവ. ഫാ. സിജോ അറയ്ക്കൽ** (ഇടവകാംഗം)

**ഭക്തിനിർഭരമായ തിരുന്നാൾ പ്രദക്ഷിണം, വർണ്ണകാഴ്ച**

തിരുനാളിന്റെ ജീവകാരുണ്യത്തിന്റെ ഭാഗമായി 2023 നോമ്പുകാല പരിത്യാഗത്തിന്റെ 227401 രൂപ ജൂബിലി മിഷ്യൻ ആശുപത്രിയിൽ തിരുനാൾ ദിനത്തിലെ 2 ദിവസം ഫ്രീ ഡയാലിസിസിനും രോഗികൾക്ക് 1 നേരം ഭക്ഷണത്തിനുമായി പണം നൽകുന്നു.

**ജനുവരി 8 തിങ്കൾ**

6 a.m. : വി. കുർബ്ബാന
7 a.m. : **ഇടവകയിൽ നിന്ന് മരിച്ചവർക്കുവേണ്ടി കുർബ്ബാന (സെമിത്തേരിയിൽ ഒപ്പീസ്)**
സമ്മാനദാനം : **ഫസ്റ്റ്, സെക്കന്റ് റോളിംഗ് ട്രോഫികൾ +**
6 p.m. **ക്യാഷ് അവാർഡ്**

**എ) നോമ്പുകാലപരിത്യാഗം; പെസഹാ കവർ, മിഷൻ സണ്ടേ (വീടോഹരി)**
**ബി) 2023 ജനുവരി മുതൽ ഡിസംബർ അടക്കം ശതാംശ പിരിവ് (വീടോഹരി)**

**കൊച്ചിൻ തരംഗ് ബീറ്റ്സ് അവതരിപ്പിക്കുന്ന**

**സൂപ്പർഹിറ്റ് ഗാനമേള & സൂപ്പർ മെഗാഷോ**





# വി. ഒളിമ്പിയാസ്

## ഡിസംബർ 17



**ബ്രദർ. സനിൽ മേനാച്ചേരി**

"നിങ്ങളിൽ വസിക്കുന്ന ദൈവദത്തമായ പരിശുദ്ധാത്മാവിന്റെ ആലയമാണ് നിങ്ങളുടെ ശരീരമെന്ന് നിങ്ങൾക്ക് അറിഞ്ഞുകൂടെ? നിങ്ങൾ നിങ്ങളുടെ സ്വന്തമല്ല" (1 കൊറി:6:19)

പൗരസ്ത്യസഭയിലെ വിധവകളുടെ കീർത്തി രത്നമാണ് വി. ഒളിമ്പിയാസ്. സമ്പത്തും കുലീനത്വവും ചേർന്ന ഒരു കുടുംബത്തിൽ 368ൽ ജനിച്ചു. മാതാപിതാക്കന്മാർ നേരത്തെ മരിച്ചതിനാൽ പിതൃസഹോദരനായ പ്രൊക്കോപ്പിയൂസിന്റെ കീഴിൽ ഭക്തയായ തെയോഡോഷ്യായുടെ സംരക്ഷണത്തിൽ അവൾ വളർന്നു വന്നു. ചെറുപ്പത്തിൽതന്നെ തെയോഡോഷ്യസു ചക്രവർത്തിയുടെ ഖജാൻജി നെബ്രീദിയൂസ് അവളെ വിവാഹം കഴിക്കാൻ ആഗ്രഹിച്ചു. ചക്രവർത്തി വിവാഹത്തിനു പ്രേരിപ്പിച്ചെങ്കിലും തന്റെ നിശ്ചയത്തിൽ ഉറച്ചുനിന്നു.

പ്രാർത്ഥനയിലും പ്രായശ്ചിത്തത്തിലും അവൾ ദിവസങ്ങൾ കഴിച്ചു. മൃദുലമായ അവളുടെ ശരീരത്തെ ഉപവാസംകൊണ്ട് മർദ്ദിച്ചു; എളിമയും ശാന്തതയുംവഴി അവൾ സ്വന്തം ഇഷ്ടങ്ങളെ ക്രൂശിച്ചു. തന്റെ സമ്പത്തും ഓഹരിയും തിരുസ്സഭക്കും ദരിദ്രർക്കുമായി അവൾ ഭാഗിച്ചുകൊടുത്തു. വി. ക്രിസോസ്റ്റമായിരുന്നു ഒളിമ്പിയാസിന്റെ ജ്ഞാനപിതാവ്. 404ൽ വിശുദ്ധനെ നാടുകടത്തിയപ്പോൾ അവൾക്ക് തന്റെ ഉപദേഷ്ടാവില്ലാതായി. ഒപ്താത്തുസ് എന്ന പ്രീഫെക്ടും അരർസാസിമൂസ് എന്ന ശിശ്മയിൽപ്പെട്ട ഒരു മെത്രാനും അവളെ കഴിയുന്നത്ര ദ്രോഹിച്ചു. വലിയ പിഴ ചുമത്തുകയും അവളുടെ വസ്തുക്കൾ അന്യായമായി ലേലം വിളിച്ചു വിറ്റു. പിഴ ഈടാക്കുകയും തന്റെ മഠത്തിലെ കന്യാസ്ത്രീകളെ ഇറക്കി വിടുകയും ചെയ്തു. എല്ലാം താൻ തന്റെ ക്രൂശിതനു വേണ്ടി സഹിച്ചു. 420ൽ 42-ാമത്തെ വയസ്സിൽ നിത്യഭാഗ്യം കൈവരിച്ചു.

പൊരുളറിയാൻ :



# ഹോസിയ

**മിനി ജോർജ്ജ് തട്ടിൽ**
**സെ. ജോസഫ് യൂണിറ്റ്**



ഇസ്രായേൽ രാജാവായ ജറോബോവാം രണ്ടാമന്റെ ഭരണകാലത്താണ് ഹോസിയായുടെ പ്രവാചകദൗത്യം ആരംഭിക്കുന്നത്, ബി. സി. 8-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ വടക്കൻ ഇസ്രായേൽ രാജ്യത്തിൽ നിന്നുള്ള ഏക ലിഖിത പ്രവാചകൻ. ഹോസിയാ ഒരു പ്രവാചകന്റെ പിൻഗാമിയാണെന്ന് ചിലർ അവകാശപ്പെടുമ്പോൾ മറ്റുള്ളവർ അദ്ദേഹം ഒരു പുരോഹിതനായി സേവിച്ച പ്രവാചകനാണെന്ന് അവകാശപ്പെടുന്നു. ഹോസിയായുടെ എല്ലാ പ്രവചനങ്ങളും സൂചിപ്പിക്കുന്നത് അവനൊരു വൈകാരിക മനുഷ്യനായിരുന്നു എന്നതാണ് വെപ്പാട്ടിയായ ഗോമറുമായുള്ള ഹോസിയായുടെ വിവാഹം പ്രവാചകന്റെ ജീവിതത്തിൽ വലിയ തിരിച്ചടിയായിരുന്നു. അതനുസരിച്ചായിരുന്നു അദ്ദേഹത്തിന്റെ പ്രവാചകദൗത്യവും.

പ്രവാചകന്റെ അവിശ്വസ്തയായ ഭാര്യ ഗോമർ, ഇസ്രായേലിന്റെ ദൈവത്തോടുള്ള അവിശ്വസ്തതയുടെ പ്രതീകമാണ്. സ്ഥിരമായി വേശ്യാവൃത്തിയിൽ മുഴുകിയിരിക്കുന്ന ഗോമറിനെ കൈവിടാത്ത ഹോസിയായെ പോലെ അവൾ മടങ്ങി വരുമെന്ന് പ്രതീക്ഷിച്ച്, ഇസ്രായേലിന്റെ ദൈവം അവൾ മടങ്ങി വരുന്നതിനായി ശ്രദ്ധയോടെ കാത്തിരിക്കുന്നു. അപമാനിതരായ ഇസ്രായേൽ ജനം ദൈവത്തെ അന്വേഷിക്കാൻ മടങ്ങിവരും, കർത്താവ് അവളെ ശുദ്ധീകരിക്കുകയും തന്നോടടുപ്പിക്കുകയും ചെയ്യും. പല ഉപമകളിലൂടെയും തന്റെ ജനത്തോടുള്ള യഹോവയുടെ അതിരുകളില്ലാത്ത സ്നേഹം ഹോസിയ മനോഹരമായി പ്രകടിപ്പിക്കുന്നു. വിവാഹത്തിലൂടെ ദൈവവും ഇസ്രായേലും തമ്മിലുള്ള ബന്ധത്തിന്റെ പാരമ്പര്യം പഴയ നിയമ പശ്ചാത്തലത്തിലേക്ക് ആദ്യമായി കൊണ്ടുവന്നത് അദ്ദേഹമാണ്. ഇക്കാരണത്താൽ ഹോസിയ മറ്റു പ്രവാചകന്മാരിൽ നിന്ന് വേറിട്ട് നിൽക്കുന്നു.

ആത്മീയ കാഴ്ചകൾ:-

1. തിരസ്കരിക്കപ്പെട്ട സ്നേഹം:- അവിശ്വസ്തതയെ നാടകീയമായി ചിത്രീകരിക്കുക എന്നതല്ല ഹോസിയായുടെ ഉദ്ദേശ്യം, പകരം





ഇസ്രായേലിന്റെ ദൈവത്തിന്റെ യഥാർത്ഥ മുഖം കാണിക്കുക എന്നതാണ്. ദൈവത്തിന്റെ പ്രണയകഥ ഒരു പ്രതീകാത്മക ദാമ്പത്യ ബന്ധത്തിലൂടെ മാത്രമല്ല പിതാവായ ദൈവത്തിന്റെ സ്നേഹത്തിലൂടെയും പറയുന്നു.

2. ദൈവത്തിന്റെ നീതിയും ന്യായവും :- ഇസ്രായേലിന്റെ കടുത്ത അവിശ്വസ്തതക്കു മുന്നിൽ, നിസംഗത പാലിക്കുവാൻ ദൈവത്തിന് കഴിഞ്ഞില്ല. എന്നാൽ പിതൃതുല്യമായ സ്നേഹത്താൽ ദൈവം അവനെ കൈവിടുകയില്ല. 11:5-6 വാക്യങ്ങളിലൂടെ, ദൈവത്തിന്റെ ഈ സ്നേഹം പാപിയായ ഇസ്രായേലിനെ ഉചിതമായി ശിക്ഷിക്കും എന്ന സത്യം, ഹോസിയ പ്രവചിക്കുന്നു. ഈ ദൈവിക ശിക്ഷ യുദ്ധകെടുതികളിലൂടെയും, ഈജിപ്തിലെ പ്രവാസ അനുഭവങ്ങളിലൂടെയും നടപ്പാക്കപ്പെട്ടു.

3. ദൈവത്തിന്റെ വേദനയും മനംമാറ്റവും:- ദൈവം തന്റെ ജനത്തെ ഓർത്ത് വിലപിക്കുന്നു. തീർച്ചയായും, ഹോസിയാ ഇവിടെ മറ്റൊരു ദൈവീകഭാവം വ്യക്തമാക്കുന്നു. വാസ്തവത്തിൽ തന്റെ ജനമായ ഇസ്രായേലിൽ നിന്ന് ഒരു സമർപ്പണം പ്രതീക്ഷിക്കുന്നു. ആത്മവിമർശനത്തിലൂടെ ഒരാൾ ജീവിതകാലം മുഴുവൻ പശ്ചാത്താപം തേടുന്നു. "ഞാൻ നിന്നെ എങ്ങനെ ഉപേക്ഷിക്കും" (11:8)

4. ദൈവത്തിന്റെ വിശുദ്ധി:- മാനുഷികമായി ചിന്തിച്ചാൽ, ദൈവത്തിന് തന്റെ നീതിയും, ശിക്ഷയും ഇസ്രായേൽ ജനതയുടെ മേൽ നടപ്പിലാക്കാൻ കഴിയും. എന്നാൽ ദൈവിക ചിന്ത വ്യത്യസ്തമാണ്. കാരണം ദൈവം മനുഷ്യനല്ല. ഇസ്രായേലിന്റെ ദൈവം പരിശുദ്ധൻ, മനുഷ്യരിൽ ഏറ്റവും വലിയവൻ.

ജനത്തിന്റെ അകൃത്യങ്ങളും അവിശ്വസ്തതയും മറന്ന് ജനതയെ തന്റെ സ്നേഹത്തിലേക്ക് തിരിച്ചുകൊണ്ടുവരുന്ന അനന്തമായ ദൈവീക കാരുണ്യം, ഹോസിയായുടെ ജീവിതത്തിലൂടെയും പുസ്തകത്തിലൂടെയും നമുക്ക് ദർശിക്കാം.

(തുടരും...)



## സ്നേഹദൂത് ഒരുക്കുന്ന 'വചന ബാങ്ക്' മത്സരം

**1) കുടുംബതലം**

(എ) ഇടവക അംഗത്വമുള്ള എല്ലാ കുടുംബങ്ങൾക്കും പങ്കെടുക്കാം. ഒരു കുടുംബത്തിന് ഒരു വചനബാങ്ക് മാത്രം.

(ബി) കുടുംബനാഥന്റെ പേര്; വീട്ടുപേര്; യൂണിറ്റ്; ഫോൺ നമ്പർ എന്നിവ എഴുതി വചനബാങ്കിൽ വെയ്ക്കേണ്ടതാണ്.

(സി) യോഹന്നാന്റെ സുവിശേഷം 1-ാം അധ്യായം 1-ാം വാക്യം മുതൽ 4-ാം അധ്യായം 54 അടക്കമുള്ള വാക്യങ്ങളാണ് എഴുതേണ്ടത്.

**2) കുട്ടികൾതലം (മതബോധന വിദ്യാർത്ഥികൾ)**

(എ) ഇവിടെ വേദപാഠം പഠിയ്ക്കുന്ന എല്ലാ വേദപാഠം കുട്ടികൾക്കും മത്സരത്തിൽ പങ്കെടുക്കാം.

(ബി) 5, 6, 7 ക്ലാസുകൾ

(സി) 8, 9, 10 ക്ലാസുകൾ

(ഡി) 11, 12, എസിസി ക്ലാസുകൾ എന്നിങ്ങനെ 3 തലങ്ങളിലായാണ് മത്സരം

ഇ) ലൂക്കായുടെ സുവിശേഷം 1-ാം അധ്യായം 1-ാം വാക്യം മുതൽ 2-ാം അധ്യായം 51 അടക്കമുള്ള വാക്യങ്ങളാണ് എഴുതേണ്ടത്.

എഫ്) കുട്ടികൾ പേര്; അപ്പന്റെ പേര്; ക്ലാസ്, ഡിവിഷൻ എന്നിവ എഴുതി വചനബാങ്കിൽ വെയ്ക്കേണ്ടതാണ്.

**പൊതുനിബന്ധനകൾ :-**

1) പി.ഒ.സി. ബൈബിൾ ആണ് ഉപയോഗിക്കേണ്ടത്.

2) ഇംഗ്ലീഷിലോ, മലയാളത്തിലോ എഴുതാം (ഏതെങ്കിലും ഒരു ഭാഷ മാത്രം)

3) നിശ്ചിത വചനങ്ങൾ എഴുതിരിയ്ക്കണം.

4) വചനങ്ങൾ പൂർണ്ണമായും പങ്കെടുക്കുന്ന വ്യക്തികൾ (കുട്ടികൾതലം); കുടുംബാംഗങ്ങൾ (കുടുംബതലം); എഴുതേണ്ടതാണ്.

5) വചന ബാങ്കിൽ പേര്; അഡ്രസ്സ് എഴുതുവാൻ പാടില്ല. ഊരി





എടുക്കുവാൻ സാധിക്കും വിധം അഡ്രസ് എഴുതിയ കടലാസ് മുട്ടുസൂചി കൊണ്ട് പിൻ ചെയ്ത് വെയ്ക്കേണ്ടതാണ്.

6) വചനബാങ്കിൽ വചനങ്ങൾ പകർത്തി എഴുതുമ്പോൾ ബൈബിളിൽ ഉള്ളതുപോലെ അധ്യായം, വാക്യം, കുത്ത്, കോമ മുതലായവ അതുപോലെ തന്നെ എഴുതേണ്ടതാണ്.

7) വചനബാങ്കിന്റെ ഡിസൈൻ, മുൻ, പിൻ കവറുകളുടെ മനോഹാരിത; പേജ്, വചനങ്ങൾ എന്നിവയുടെ ഡെക്കറേഷൻ; കൈയ്യെഴുത്ത് എന്നിവ മത്സരമാർക്കിന് പരിഗണിക്കുന്നതാണ്.

8) എ, ബി, സി എന്നീ ഗ്രേഡ് ലഭിച്ചവക്ക് സമ്മാനങ്ങൾ നൽകുന്നതാണ്.

9) വചനബാങ്ക് വേദപാഠം കുട്ടികൾ ക്ലാസ് ടീച്ചർമാർ വശവും; കുടുംബ വചനബാങ്ക് പള്ളി ഓഫീസിലും ഏൽപ്പിക്കേണ്ട **അവസാന ദിവസം 03-01-2024 ബുധനാഴ്ച 6 p.m.**

10) ജഡ്ജസിന്റെ തീരുമാനം അന്തിമമായിരിക്കും.


## തയ്യൽ പരിശീലനകേന്ദ്രം

**എല്ലാവിധ സ്റ്റിച്ചിംങ്ങ് വർക്കുകളും (ലേഡീസ്) മിതമായ നിരക്കിൽ പരിശീലിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക.**

Mrs. Lincy Davis, St. Thomas Street,
Near Mummy Daddy, Kuriachira, Thrissur - 680 006
Ph : 0487 - 2251308, 9496302308

## റിയൽ എസ്റ്റേറ്റ് സർവ്വീസ്


**വീടും സ്ഥലവും കൊടുക്കാനുള്ളവർ വിളിക്കുക**

**9495093030**

❖ നെല്ലിക്കുന്ന് ഇടവകയിൽ 5 സെന്റ് സ്ഥലവും ഓട് വീടും 28 ലക്ഷം ❖ 3 സെന്റ് സ്ഥലം വീട് 28 ലക്ഷം.
❖ ചൂലിശേരി 20 സെന്റ് സ്ഥലം. സെന്റിന് 1.50 ലക്ഷം.

കഥ

# തൊഴിൽ പ്രാണവായു



തോമസ് കോമ്പാറ

എഴുപത് കഴിഞ്ഞ വറീത് ചേട്ടനും സമപ്രായക്കാരൻ ലോനചേട്ടനും സിമിത്തേരിയിൽ നിൽക്കയാണ്. തങ്ങളുടെ കൂട്ടുകാരൻ പൊറിഞ്ചു മരിച്ചതു ഇന്ന് കാലത്താണ്. ഹാർട്ട് പണിമുടക്കി.

ഇന്നലെ ഇവർ ഒരുമിച്ചിരുന്ന് മൈതാനത്ത് ചീട്ട് കളിച്ചതാണ്. മരണം എന്ന ട്രംപ് പൊറിഞ്ചുവിനെ വെട്ടിയിട്ടു. "നാളെ കുറെ വിശേഷം പറയാനുണ്ട് എന്ന് പൊറിഞ്ചു പിരിയാൻ നേരം പറഞ്ഞതാണ്.

എന്തായിരിക്കും ആ വിശേഷങ്ങൾ? മരിച്ചവർ എല്ലാം ഉള്ളിലൊതുക്കി ബലം പിടിച്ച് ഒറ്റകിടപ്പാണല്ലൊ.

കുഴിവെട്ടി കൊണ്ടിരിക്കുന്ന ചെറുപ്പക്കാരനെ ചൂണ്ടി ലോന പറഞ്ഞു:


"ഇവനെ അറിയുമോ. പറയാം"

ബി.എസ്സ്.സി. നല്ല മാർക്കോടെ പാസ്സായവനാണ്. അയൽജില്ലക്കാരനാണ്. ദുബായിലാണ് ജോലി എന്നാണ് നാട്ടിൽ പറഞ്ഞിരിക്കുന്നത്.

കുറെകാലം ഉത്തർപ്രദേശിൽ ഒരു ബന്ധുവീട്ടിൽ പോയി ജോലി തേടി അവിടെ നടന്നു. ഉത്തർപ്രദേശിൽ പ്യൂൺ പോസ്റ്റിന് വേണ്ടി അപേക്ഷിച്ചവരിൽ പി.എച്ച്.ഡി. ബിരുദമുള്ളവരും എൻജിനീയർ ബിരുദധാരികളും ഉണ്ടായിരുന്നു. കെട്ടുകഥ പോലെ തോന്നും.

അയോഗ്യർ നോട്ട്കെട്ടിന്റെ തുലാഭാരം നടത്തി യോഗ്യരാകുന്ന കാഴ്ച കണ്ട് മെറിറ്റുള്ളവർ തലയും താഴ്ത്തി മടങ്ങും.

അങ്ങിനെ മടങ്ങിയ ഈ ചെറുപ്പക്കാരൻ സ്വന്തം ഡിഗ്രി സർട്ടിഫിക്കറ്റ് കത്തിച്ചുകളഞ്ഞു. പിറ്റേന്ന് കൈക്കോട്ടെടുത്ത് തൊഴിൽ നേടി. ഇന്ന് ഈ സിമിത്തേരിയിൽ നിന്ന് പ്രാണവായു നേടുന്നു.



**ഉപകാരസ്മരണ**

മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ലീഹായെ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫലസിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായവും ചെയ്യുന്നതിന് വിശേഷ വിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. – **ഇവാന ജോർജ്ജ്**





## "ബേദ്‌ലഹമിലേയ്ക്ക് സ്വാഗതം"

(തൃശ്ശൂർ അതിരൂപതയിൽ ആദ്യമായി)
വി. ഫ്രാൻസീസ് അസ്സീസി കാണിച്ചു തന്ന മാർഗ്ഗത്തിലൂടെ
(ആദ്യത്തെ പുൽക്കൂട്)
നമുക്കും പണിയാം പുൽകൂടുകൾ

**പ്രോത്സാഹന സമ്മാനങ്ങൾ**

എല്ലാ A-Gradeകാർക്കും 3000 രൂപ വീതം

എല്ലാ B-Gradeകാർക്കും 2000 രൂപ വീതം

എല്ലാ C-Gradeകാർക്കും 1000 രൂപ വീതം

കുട്ടികൂട്ടായ്മക്കാർക്ക് വേറെ സമ്മാനങ്ങൾ

**പങ്കെടുക്കാവുന്നവർ ഈ ഇടവകക്കാർ മാത്രം**

1. സംഘടനകൾ
2. വേദപാഠ ക്ലാസ്സുകാർ
3. യൂണിറ്റുകൾ
4. വ്യക്തികൾ

താല്പര്യമുള്ളവർ കൊച്ചച്ചൻ വശം ഡിസംബർ 15നകം പേര് നൽകുക. അവസരങ്ങൾ സ്ഥലം തീരുന്നതുവരെ. സ്ഥലം അടി പള്ളി.

**സാധാരണ അനുവാദം**

വീതി 6 അടി (മുൻവശം)
നീളം 8 അടി (പിന്നിലേയ്ക്ക്)

## ബൈബിൾ ക്വിസ് 11/2023 വിജയികൾ

**ശരിയുത്തരങ്ങൾ അയച്ച എല്ലാ കൂട്ടുകാർക്കും ഹൃദ്യമായ അഭിനന്ദനങ്ങൾ.**

1. അശ്വിൻ പ്രിൻസ്, IV A
2. ഡിയോൺ ഡിജോ, VIII A
3. ബ്രിജിറ്റ് സി. ബി., VI A
4. ജോവാൻ കാതറിൻ ജോയ്, VI A
5. അലൻ പോളി, VIII A
6. മാർഗ്രേയ്സ് ജേക്കബ്, X B
7. ആൻലിൻ മരിയ പോളി, XII B
8. സാൻപ്രിൻസ്, VI B
9. ഫെലിക്സ് പി. സുനിൽ, VIII B
10. ആഗ്നസ് സിഡോ, IX B
11. ഫെലീസ് സിഡോ, IV B
12. ബവൻ ബിൻസൺ, V A
13. സനോ പ്രിൻസ്, VIII A
14. ആൻവിയ പ്രിൻസ്, V B
15. ആന്റണി നിയോ ജോർജ്, ACC II

# ക്രിസ്തുവിനു പിന്നാലെ

## സർവ്വോപരി ഈശോയെ സ്നേഹിക്കുക



സി. നീത ടെസ്സിൻ

ഈശോയെ സ്നേഹിക്കുന്നതും ഈശോയെപ്രതി തന്നെ തന്നെ വെറുക്കുന്നതും എന്താണെന്ന് അറിയുന്നവർ ഭാഗ്യവാൻ. സർവ്വവസ്തുക്കളെക്കാൾ ഉപരിയായി തന്നെ സ്നേഹിക്കണമെന്ന് ഈശോ ആഗ്രഹിക്കുന്നതുകൊണ്ട് ഈ പ്രിയനെ പ്രതി പ്രിയപ്പെട്ടവ നാം ഉപേക്ഷിക്കണം. സൃഷ്ടികളുടെ സ്നേഹം ചഞ്ചലവും വഞ്ചനാത്മകവുമാണ്. ഈശോയുടെ സ്നേഹം വിശ്വസ്തവും ശാശ്വതവുമത്രേ. സൃഷ്ടികളോടു ചേർന്നു നിൽക്കുന്നവൻ അവയോടുകൂടി അധഃപതിക്കും. ക്രിസ്തുവിനെ ആശ്രയിക്കുന്നവൻ നിത്യമായി ഉറച്ചുനിൽക്കും. ക്രിസ്തുവിനെ സ്നേഹിച്ച് അവിടത്തെ സുഹൃത്താകുക. സർവ്വമർത്യരും നിന്നെ ഉപേക്ഷിച്ചാലും അവിടന്നു നിന്നെ ഉപേക്ഷിക്കുകയില്ല. നീ നശിക്കുന്നതിന് അവിടന്ന് അനുവദിക്കുകയില്ല. നിനക്ക് ഇഷ്ടമാണെങ്കിലും അല്ലെങ്കിലും ഒരിക്കൽ നീ എല്ലാ വസ്തുക്കളിൽ നിന്നും വേർപിരിയേണ്ടി വരും.

ജീവിതത്തിലും മരണത്തിലും നീ ഈശോയോടുകൂടി വസിക്കുക. വിശ്വസ്തനായ അവിടുത്തേയ്ക്കു നിന്നെ തന്നെ സമർപ്പിക്കുക. എല്ലാവരും നിന്നെ കൈവെടിയുമ്പോൾ അവിടുത്തേയ്ക്കു മാത്രമേ നിന്നെ സഹായിക്കാൻ കഴിയൂ. മറ്റു യാതൊരു സ്നേഹിതനും നിനക്കുണ്ടായിക്കൂടാ എന്ന മനോഭാവമാണ് നിന്റെ പ്രിയനുള്ളത്. നിന്റെ ഹൃദയം അവിടുത്തേയ്ക്ക് മാത്രമായിരിക്കണം. സിംഹാസനത്തിൽ രാജാവെന്ന പോലെ നിന്റെ ഹൃദയത്തിൽ വസിക്കാൻ അവിടന്ന് ആഗ്രഹിക്കുന്നു. സർവ്വസൃഷ്ടികളിൽ നിന്നും നിന്നെതന്നെ അകറ്റി നിറുത്താൻ നിനക്കു കഴിയുമെങ്കിൽ ഈശോ സന്തോഷപൂർവ്വം നിന്നോടു കൂടെ വസിക്കാതിരിക്കുകയില്ല. ഈശോ ഒഴികെ മനുഷ്യരെ വിശ്വസിച്ച് സ്വയം ഏൽപ്പിച്ചവരെല്ലാം ഏറെക്കുറെ നശിച്ചിരിക്കുകയാണ്. കാറ്റിലാടുന്ന തൊങ്ങണയിൽ നീ വിശ്വാസമർപ്പിക്കേണ്ട അതിനെ ആശ്രയിക്കുകയും വേണ്ട. എല്ലാ ജഡവും തൃണമാണ്. അതിന്റെ സൗന്ദര്യം വയലിലെ പുഷ്പം പോലെ തിരോഭവിക്കും. നീ മനു





ഷ്യന്റെ ബാഹ്യപ്രകൃതി മാത്രം ഗണിച്ചാൽ അതിവേഗം വഞ്ചിതനാകും. നിന്റെ ആശ്വാസവും ആദായവും അന്യരിൽ അർപ്പിക്കുന്ന പക്ഷം നിനക്കു പലപ്പോഴും നഷ്ടമേ ഉണ്ടാകുകയുള്ളൂ. എല്ലാ കാര്യത്തിലും ഈശോയെത്തേടിയാൽ അവിടുത്തെ നീ നിശ്ചയമായും കണ്ടെത്തും. നേരെമറിച്ച് നിന്നെതന്നെ ആരായുകയാണെങ്കിൽ നിന്നെ തന്നെ കണ്ടെത്തും. എന്നാൽ അത് നിന്റെ നാശത്തിന് കാരണമാകും. ഒരുവൻ ഈശോയെ വേണ്ടുംവണ്ണം അന്വേഷിക്കുന്നില്ലെങ്കിൽ ലോകത്തിനും സകല ശത്രുക്കൾക്കും ചെയ്യാവുന്നതിനേക്കാൾ കൂടുതൽ ദ്രോഹം അവൻ തന്നോടു തന്നെ ചെയ്യുന്നു.

**വിചിന്തനം :**

യേശുക്രിസ്തുവിനെ പൂർണ്ണ ഹൃദയത്തോടെ അറിയുവാനും പൂർണ്ണമനസ്സോടെ സ്നേഹിക്കുവാനും നിന്റെ ശ്രദ്ധ മുഴുവനും പതിക്കുക. അതാണ് ഒരു ക്രിസ്ത്യാനിയുടെ ജോലി. ഈശോയുടെ പ്രവർത്തനങ്ങളെപ്പറ്റി ധ്യാനിച്ച് അവിടുത്തെ ലക്ഷ്യങ്ങൾ മനസ്സിലാക്കികൊണ്ട് അവിടുത്തെപ്പോലെ ജീവിക്കാനും സഹിക്കാനും ഒരുങ്ങുക. ക്രിസ്തുവിനെ അനുകരിക്കുകയാണ് ഒരു ക്രിസ്ത്യാനിയുടെ നേട്ടം മുഴുവനും. നിത്യസൗഭാഗ്യത്തിന് അതു വഴിതെളിക്കും ഈ ലോകത്തിൽ ദിവ്യരക്ഷകന്റെ വിനീതവും സഹനപൂർണ്ണവുമായ ജീവിതത്തിൽ ഭാഗഭാക്കാകുന്നവർ അവിടത്തെ മഹത്വപൂർണ്ണവുമായ അമർത്യതയിൽ ഭാഗഭാക്കുകളാകും.

**അനുസ്മരണാവിഷയം :**

യേശുക്രിസ്തുവിനെ ആശ്രയിക്കുന്നവൻ നിത്യമായി ഉറച്ചു നിൽക്കും.

**അഭ്യാസം :**

സർവ്വോപരി ഈശോയെ സ്നേഹിക്കുക എല്ലാ കാര്യങ്ങളിലും അവിടുത്തെ അന്വേഷിക്കുക.

Mob : 9446526685
8590231210
ROBEL
Tours & Travels
"BEAUTIFUL VIBES ARE WAITING FOR YOU"
Thrissur, Anchery
Amose Corner

വിവാഹം, വിനോദം, തീർത്ഥാടനം എന്നിവയ്ക്ക് സമീപിക്കുക
12 Seat, 17 Seat, 20 Seat, 26 Seat Available

# ദിവ്യകാരുണ്യ അത്ഭുതങ്ങൾ



ജോളി മൈക്കിൾ
(സേക്രഡ് ഹാർട്ട് യൂണിറ്റ്)

**10. ഫിയക്ട്**

ഓസ്ട്രിയായിലെ ഇൻവാലി (Inn Valley) എന്ന സ്ഥലത്തുള്ള ഫിയക്ട് പള്ളിയിൽ 1310-ൽ ഒരു ദിവ്യാത്ഭുതം സംഭവിച്ചു. ദിവ്യബലിയർപ്പിച്ച പുരോഹിതന് ഈശോയുടെ തിരുശരീര രക്തത്തെക്കുറിച്ച് സംശയം തോന്നി. "ഇത് എന്റെ രക്തം" എന്ന കൂദാശവചനം ഉരുവിട്ടപ്പോൾ കാസയിലുണ്ടായിരുന്ന വീഞ്ഞ്, ഈശോയുടെ തിരുരക്തമായി മാറി, കാസയിൽ നിന്നും നിറഞ്ഞൊഴുകി. 170 വർഷങ്ങൾക്ക് ശേഷം 1480ൽ രേഖപ്പെടുത്തിയ റിക്കോർഡുകളിൽ "ഈ തിരുരക്തം പുതിയ മുറിവുകളിൽ നിന്നും കിനിയുന്ന രക്തം പോലെ ഇരിക്കുന്നതായി കാണുന്നുണ്ട്.

വി. ജോൺജൻ ബർക് എന്ന ആശ്രമത്തിൽ ആണ്ടുപോയ കല്ലിൽ ഇപ്രകാരം കൊത്തിവെച്ചിരിക്കുന്നു. വി. ജോർജ്, വി. അപ്പസ്തോലൻ യാക്കോബ് ശ്ലീഹായ്ക്കുവേണ്ടി സമർപ്പിക്കപ്പെട്ട ദൈവാലയത്തിൽ മഠാധിപതിയായിരുന്ന റൂബർട്ട് അവർകളുടെ കാലത്ത് 1310ൽ ദിവ്യബലിയർപ്പിച്ച ഒരു പുരോഹിതൻ കൂദാശവചനം ഉരുവിട്ടശേഷം വീഞ്ഞ്, ഈശോയുടെ തിരുരക്തമായി മാറിയോ എന്ന് സംശയിച്ചു. ഉടൻ തന്നെ കാസയിൽ നിന്നും തിരുരക്തം പുറത്തേക്ക് പ്രവഹിച്ചുതുടങ്ങി. ആശ്രമാധിപനായിരുന്ന റൂബർട്ടും മറ്റു സന്യസ്ഥരും ദിവ്യബലിയിൽ പങ്കെടുത്ത വിശ്വാസികളും ഇതുകണ്ട് ആശ്ചര്യപ്പെട്ടു. ദിവ്യബലിയർപ്പിച്ച പുരോഹിതന് കാസയിലുണ്ടായിരുന്ന തിരുരക്തം മുഴുവനായും പാനം ചെയ്യുവാൻ സാധിക്കാതെ വന്നപ്പോൾ മഠാധിപൻ റൂബർട്ട് ആ തിരുരക്തത്തെ ഒരു പാത്രത്തിലാക്കി സക്രാരിക്കകത്ത് സൂക്ഷിച്ചുവെച്ചു.

ഈ അത്ഭുതത്തെക്കുറിച്ചുള്ള വാർത്ത കേട്ട ജനം കൂട്ടമായി വന്ന് ആരാധിക്കുവാൻ തുടങ്ങി. ആയതുകൊണ്ട് 1472ൽ അഭിവന്ദ്യ ജോർജ്ജ് വാൻ ബ്രിക്ളസൻ എന്ന പിതാവ്, വിൽഡൻ ജോനസ്, സിഗ്മണ്ട് (താവൂർ) ഗാസ്പർ (WILTEN JOAHANNES, SIGMUND KASPAR) എന്നിവരടങ്ങിയ ഒരു കമ്മറ്റി രൂപീകരിച്ച് ഗവേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിച്ചു. ഗവേഷണഫലമായി ഈ തിരുരക്തം സത്യമായും ക്രിസ്തുവിന്റെ തിരുരക്തമാണെന്നും ഇതിനെ എല്ലാവരും ആരാധിക്കുന്നതിന് തടസ്സമില്ല എന്നും സാക്ഷ്യപ്പെടുത്തുകയും ചെയ്തു.

രചന :
**റവ. ഫാ. ജോനത്തൻ കപ്പൂച്ചിൻ**





| ദശാംശം | | | |
|---|---|---|---|
| | | ഒക്ടോബർ | നവംബർ |
| 1. | സെ. വിൻസെന്റ് ഡി പോൾ | 6930 | 5100 |
| 2. | സെ. ജെയിംസ് | | 4400 |
| 3. | ആവേമരിയ | | 2650 |
| 4. | സെ. തോമസ് | | 2690 |
| 5. | മദർതെരേസ | 2620 | 2330 |
| 6. | സെ. ജോർജ്ജ് | | 7810 |
| 7. | സെ. റാഫേൽ | | 3650 |
| 8. | ഹോളി ഫാമിലി | 3330 | |
| 9. | സെ. മേരീസ് | 8850 | 7650 |
| 10. | സെ. ആന്റണീസ് | 6510 | 6540 |
| 11. | സെ. എവുപ്രാസ്യ | 2070 | 2760 |
| 12. | സേക്രഡ്ഹാർട്ട് | 4870 | |
| 13. | സെ. സെബാസ്റ്റ്യൻ | 6450 | 7500 |
| 14. | സെ. പോൾ | 4000 | |
| 15. | സെ. ക്ലാര | 2320 | |
| 16. | വിമലനാഥ | 7050 | |
| 17. | ലൂർദ്ദ്മാത | | 4680 |
| 18. | സെ. ജൂഡ് | | |
| 19. | ഡോൺബോസ്കോ | | |
| 20. | സെ. സേവ്യർ | 1740 | 1760 |
| 21. | സെ. ജോൺ | | |
| 22. | ഗുഡ്ഷെപ്പേർഡ് | | |
| 23. | ലിറ്റിൽ ഫ്ളവർ | 6240 | 5070 |
| 24. | സെ. ജോസഫ് | 5330 | |
| 25. | മേരിമാത | | 3600 |
| 26. | സെ. ഫ്രാൻസീസ് | 3320 | 3125 |
| | **ആകെ** | **71630** | **71315** |

## ചിന്താവിഷയം

### എപ്പോഴും പ്രാർത്ഥിക്കുക



അവലംബം : ധ്യാനനിലയം ജെ. എം. ജ്ഞാനപ്രകാശം
തയ്യാറാക്കിയത് : നിമ്മി ആന്റ്ലോ, വിമലനാഥ യൂണിറ്റ്

- ❖ ആരും ആലംബമില്ലാത്ത വിധവ
- ❖ മുട്ടുവിൻ തുറക്കപ്പെടും; ചോദിക്കുവിൻ തരപ്പെടും.

ദൈവത്തെ ഭയപ്പെടാതെയും മനുഷ്യരെ ശങ്കിക്കാതെയും ഇരുന്ന ഒരു ന്യായാധിപനുണ്ടായിരുന്നു. അവിടെ അനീതി സഹിച്ചിരുന്ന വിധവയും ഉണ്ടായിരുന്നു. അവൾ എന്നും ആ ന്യായാധിപന്റെ വാതില്ക്കൽ ചെന്നു മുട്ടി ഇങ്ങനെ പറയുമായിരുന്നു: “എനിക്ക് ആരും ആലംബമില്ല. എന്നോട് അനീതി ചെയ്യുന്നവരോട് അങ്ങ് വേണം പ്രതികാരം ചെയ്യാൻ. എന്നെ സഹായിച്ചാലും” കുറെ നാളത്തേയ്ക്ക് ആ ന്യായാധിപൻ അനങ്ങിയില്ല. അവസാനം അയാൾ പറഞ്ഞു: “ദൈവത്തേയും മനുഷ്യരേയുംകുറിച്ചുള്ള വിചാരം കൊണ്ടല്ല. ഈ വിധവ വന്ന് എന്നെ എന്നും ശല്യപ്പെടുത്താതിരിക്കേണ്ടതിനു ഞാൻ അവളുടെ ശത്രുവിനോടു പ്രതികാരം ചെയ്യും” യേശു ചോദിക്കുന്നു : “നീതിയില്ലാത്ത ആ ന്യായാധിപൻ തന്നോടു മുട്ടിപ്പായി അപേക്ഷിച്ച വിധവയുടെ പ്രാർത്ഥന കേട്ടുവെങ്കിൽ തന്റെ തെരഞ്ഞെടുക്കപ്പെടുന്നവരുടെ പ്രാർത്ഥന എത്ര അധികമായി കേൾക്കുകയില്ല!”


മടുപ്പു തോന്നാതെ എപ്പോഴും പ്രാർത്ഥിക്കണമെന്നു നമ്മെ പഠിപ്പിക്കാനാണ് യേശു ഈ ഉപമ അരുൾ ചെയ്തതെന്നു വി. ലൂക്കാ എഴുതിയിരിക്കുന്നു. പ്രാർത്ഥനയുടെ ആവശ്യം മനസ്സിലാക്കാൻ യേശുവിന്റെ മാതൃക തന്നെ അധികം. വിശ്വാസമില്ലാത്തവരും, പ്രാർത്ഥനയിൽ വിമുഖതയുള്ളവരുമായിരിക്കാതെ, നിരന്തരം പ്രാർത്ഥിക്കുക; പ്രാർത്ഥനകൾ ഫലമണിയുക തന്നെ ചെയ്യും. ഈ ഉപമ പറഞ്ഞതിനുശേഷം യേശു പറഞ്ഞതു ശ്രദ്ധേയമാണ്: “മനുഷ്യപുത്രൻ വരുമ്പോൾ അവൻ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ ?

സ്നേഹനാഥാ, പ്രാർത്ഥനയിലൂടെ അങ്ങുമായി ഒരു സ്നേഹബന്ധം സ്ഥാപിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. നിന്നെ കൂടാതെ ഞങ്ങൾക്കൊന്നും ചെയ്യുന്നതിനു സാധിക്കുകയില്ല. ഞങ്ങളെ പ്രാർത്ഥനയുടെ മനുഷ്യരാക്കി മാറ്റേണമേ.





**ഇടവക മദ്ധ്യസ്ഥനായ വി. സെബസ്ത്യാനോസിന്റെ 2024 ജനുവരിയിലെ തിരുനാളിന് മുന്നോടിയായി 2023 ഡിസംബർ 31 മുതൽ 2024 ജനുവരി 8-ാം തിയ്യതി വരെയുള്ള നവനാൾ കുർബ്ബാനകൾ, നൊവേന, ലദീഞ്ഞ് ഏറ്റെടുത്ത് നടത്തുന്നതിന് താല്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുക.**



**ഉപകാരസ്മരണ**

മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ലീഹായെ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫലസിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായവും ചെയ്യുന്നതിന് വിശേഷ വിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. – **അഭയ് ജോർജ്ജ്**

മൊത്ത വ്യാപാരം
NUTS
FOOD - DAY
Bye-Pass Jung
Nadathara
Ph : 9497066266
TASTE OF INDIA
Sun Tower, East Fort, Thrissur
Ph : 7356706006
DATES
Honey (Direct from Farm) 360 / Kg.

ഉപന്യാസം

# മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കാം



ജുവാൻ ജീസസ് ജെയ്സൻ, VI A

ശുദ്ധീകരണസ്ഥലത്തെ ആത്മാക്കൾക്കായി സഭ നവംബർ മാസം സമർപ്പിക്കുന്നു. തങ്ങളെത്തന്നെ സഹായിക്കാൻ കഴിയാത്ത ദുരിതമനുഭവിക്കുന്ന ആത്മാക്കൾക്കുവേണ്ടി പ്രാർത്ഥനകൾ, സത്കൃത്യങ്ങൾ, താപസകൃത്യങ്ങൾ കൂടാതെ ദാനധർമ്മങ്ങളും എന്നിവ നൽകാൻ സഭ വിശ്വാസികളെ പ്രോത്സാഹിപ്പിക്കുന്നു. മരണം ഭൗമിക ജീവിതത്തിന്റെ വിരാമമാണെങ്കിൽ, അനുതപിച്ച് ക്രിസ്തുവിലേക്ക് തിരിയാനുള്ള അവസരം അവസാനിച്ചതായി തോന്നുന്നെങ്കിൽ, മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കാൻ നാം എന്തിനാണ് മെനക്കെടുന്നത്? വിശുദ്ധ ഗ്രന്ഥത്തിലും കത്തോലിക്കാസഭയുടെ പാരമ്പര്യത്തിലും കത്തോലിക്കാ പ്രബോധനത്തിലും ശുദ്ധീകരണസ്ഥലത്തെക്കുറിച്ചുള്ള ഉത്തരം കണ്ടെത്താവുന്നതാണ്. മക്കബായരുടെ രണ്ടാമത്തെ പുസ്തകത്തിൽ ഇങ്ങനെ കാണുന്നു. അതിനാൽ മരിച്ചവർക്ക് പാപമോചനം ലഭിക്കുന്നതിന് അവൻ അവർക്കുവേണ്ടി പാപപരിഹാരകർമ്മം അനുഷ്ഠിച്ചു. ജീവിക്കുന്നവരുടെ പ്രാർത്ഥനയും മാദ്ധ്യസ്ഥവും പ്രായശ്ചിത്തവും മരിച്ചവരെ സഹായിക്കുന്നതിനുള്ള ഉറപ്പാണിത്. മാനസാന്തരപ്പെടാതെയും ദൈവത്തിന്റെ കരുണാപൂർവകമായ സ്നേഹം സ്വീകരിക്കാതെയും മാരകമായ പാപത്തിൽ മരിക്കുക എന്നതിനർത്ഥം നമ്മുടെ സ്വന്തം തിരഞ്ഞെടുപ്പിലൂടെ എന്നേക്കും അവനിൽ നിന്ന് വേർപ്പെടുക എന്നതാണ്. നരകത്തിലെ പ്രധാന ശിക്ഷ ദൈവത്തിൽ നിന്നുള്ള ശാശ്വതമായ വേർപിരിയലാണ്. ശുദ്ധീകരണസ്ഥലത്തെ ആത്മാക്കൾക്ക് വലിയ പ്രതീക്ഷയുണ്ട്. കാരണം അവരുടെ സ്രഷ്ടാവിനോടുള്ള പറുദീസ ഉറപ്പുള്ളതും കൈയ്യെത്തും ദൂരത്തുള്ളതുമാണ്.





മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കാനുള്ള വഴികൾ

1. ശുദ്ധീകരണാത്മാക്കൾക്കുവേണ്ടി നൊവേന ചൊല്ലി പ്രാർത്ഥിക്കുക.
2. ദിവ്യകാരുണ്യ ആരാധന നടത്തുക.
3. ചെറിയ ത്യാഗങ്ങൾ അനുഷ്ഠിക്കുക.
4. ദാനധർമ്മം നൽകുക.

എല്ലാ വിശുദ്ധരുടെയും രാജ്ഞിയായ മറിയത്തോടൊപ്പം നമ്മുടെ പ്രാർത്ഥനയിൽ അവരെ ഓർക്കാം.

If you think Comfortable... I am on the way
My Dreams TRAVELS
Joe Davis (Jimmy)
09349992228
07907553846
09387992228
Day Night Service
Tourist Vehicles
Chelakottukara, Thrissur-5.
Ph: 0487-2429866 (Res)



Peter Trust
Play School 9 a.m. - 3 p.m.
Day Care 9 a.m. - 5 p.m.
Faith Care Safe
കളി പള്ളിക്കൂടം, ശിശുഭവൻ
Kura, Nellikkunnu, P. O. Eastfort,
Thrissur - 680 005
Admission Started
Contact 8086652495, 9496675527
Peter Academy
കീബോർഡ്, ഗിറ്റാർ, വയലിൻ, ഡ്രംസ്, വോക്കൽ, ഡാൻസ്
Contact : 0487 2424626, 9645850608

ചെറുകഥ

# മെൽബയുടെ സുവിശേഷം



ജോജി മോൾ ഷാജു (ലൂർദ്മാത യൂണിറ്റ്)

ആകാശത്ത് ഉരുണ്ടുകൂടുന്ന കാർമേഘങ്ങളെ നോക്കി മെൽബ ടീച്ചർ വാച്ചിൽ നോക്കി. അന്ന് പതിവിലും വൈകിയാണ് ജോമോൻ മെൽബയെ കൊണ്ടുപോകാനായി സ്കൂളിലെത്തിയത്. സ്കൂൾ വിട്ടാൽ എങ്ങിനെയെങ്കിലും വീട്ടിലെത്താനുള്ള തത്രപ്പാടിലാണ് ഓരോ നിമിഷവും ടീച്ചർ.വീട്ടിൽ ചെന്നാൽ ഒന്നു കുളിച്ച് വീണ്ടും ആരോഗ്യം വീണ്ടെടുത്തു വേണം ഒന്നേന്ന് തുടങ്ങാൻ.

ബൈക്കിലിരുന്ന് ജോമോൻ ജോലി സ്ഥലത്തേയും മറ്റും ഒത്തിരി വിശേഷങ്ങൾ പറയും. മെൽബയാണെങ്കിൽ എല്ലാം മൂളി കേൾക്കും. ക്ഷീണം കൊണ്ട് തന്റേതായ വിശേഷങ്ങളെപ്പോഴും മനസ്സിലൊതുക്കും. ഇന്ന് പതിവിലും വിപരീതമായി ജോമോന്റെ സംസാരം കുറയുന്നതു കണ്ട് അവർ അങ്ങോട്ട് കയറി ചോദിച്ചു. ' ഉം.. എന്തു പറ്റി? നിശ്ശബ്ദമാണല്ലോ?'

'എയ് ഒന്നുമില്ല.'

'എന്താ വൈകിയത്?'

'എന്റൊപ്പം ജോലി ചെയ്യുന്ന പയസ് സാറിന്റെ ഒരു കൂട്ടുക്കാരനെ ഇന്ന് വഴിയിൽ വച്ച് പരിചയപ്പെട്ടു. അദ്ദേഹത്തിന്റെ കുറേ ചോദ്യങ്ങൾക്ക് എനിക്ക് മറുപടി പറയാൻ കഴിഞ്ഞില്ല. അയാൾ ചിന്തിക്കുന്നതും പറയുന്നതുമൊക്കെ ശരിയല്ലേയെന്ന് മനസ്സിൽ തോന്നുകയാണ്? '

'എന്തു ചോദ്യമാണ് ചോദിച്ചത്?'

'ബൈബിളിലെ കുറേ സംശയങ്ങൾ.... ശരിക്കും എനിക്ക് ഉത്തരമുട്ടി പോയി 'ജോമോൻ തുടർന്നു പറഞ്ഞുകൊണ്ടിരുന്നുവെങ്കിലും മെൽബയുടെ മനസ് ചിന്തിച്ചിരുന്നതെല്ലാം വീട്ടിൽ പോയി ചെയ്യേണ്ട പണികളെക്കുറിച്ചായിരുന്നു. സ്കൂൾ വിട്ടു വന്ന് ഞങ്ങളേയും കാത്ത് ഗേറ്റിനു മുമ്പിൽ കാവലായി നിൽക്കുന്ന അനുകുട്ടനെ ഓർമ്മ വന്നു. അവന് കഴിക്കാനിന്ന് എന്താ ഉണ്ടാക്കുക? ജോമോന്റെ അമ്മ തന്ന മരുന്നിന്റെ കുറിപടി കയ്യിലെടുത്തു പിടിച്ചു. വാങ്ങിക്കാൻ മറക്കാതിരുന്നാൽ മതി





യായിരുന്നു. വൈകുന്നേരത്തേയ്ക്ക് എന്തു കറി വയ്ക്കും? ഇങ്ങനെയുള്ള ഒരായിരം ചിന്തകൾ മനസ്സിൽ കാടുകയറിയാണ് അവൾ ജോമോന്റെ സംസാരങ്ങളൊക്കെ കേട്ടത്. അതുകൊണ്ട് അവൻ പറഞ്ഞതൊന്നും കാര്യമായി തലയിൽ കയറിയില്ല. വീടിനു മുമ്പിലെത്തിയതും ഓടി ചെന്ന് അനുകുട്ടനെ കെട്ടിപിടിച്ച് വിശേഷങ്ങൾ തിരക്കി.

ഇങ്ങനെ തിരക്കിന്റെ കുറച്ചു ദിവസങ്ങൾ കടന്നു പോയി. എപ്പോഴോ, എവിടെയോ വച്ച് ജോമോൻ നിശ്ശബ്ദനാകാൻ തുടങ്ങി. പകരം ആരുമൊക്കെയായി ഫോണിൽ ഭയങ്കര ചർച്ചകൾ നടക്കുന്നതായി കണ്ടു. പതുക്കെ പതുക്കെ കുടുംബ പ്രാർത്ഥനയിൽ നിന്നൊഴിഞ്ഞു, കുർബാനയിൽ വരാൻ കൂട്ടാക്കാതായി. എത്ര നിർബന്ധിച്ചിട്ടും ഒരു ഫലവുമില്ലാതായപ്പോൾ അവളവനോട് ഒത്തിരി ദ്വേഷ്യപ്പെട്ടു.

മറുപടിയായി ജോമോനിൽ നിന്നും ഒരു പൊട്ടിത്തെറി അവൾ ഒരിക്കലും പ്രതീക്ഷിച്ചില്ല. തന്റെ ഭർത്താവ് ആരുടെയൊക്കെയോ വാക്കുകളിലും ചിന്തകളിലും കുരുങ്ങി കിടക്കുകയാണെന്ന സത്യം അവൾ തിരിച്ചറിയുകയായിരുന്നു. ബൈബിളിലെ പല കാര്യങ്ങളെക്കുറിച്ചും പരിഹാസേന ചോദ്യം ചെയ്യുന്നതു കൂടി കണ്ടപ്പോൾ മെൽബയുടെ ഉള്ളിൽ തീ ആളി കത്തി. പിന്നെ എല്ലാം പെട്ടെന്നായിരുന്നു. പള്ളിയിൽ കടക്കാത്ത, പ്രാർത്ഥനയിൽ പങ്കുകൊള്ളാത്ത തന്റെ ഭർത്താവിനെ വീട്ടുക്കാരും നാട്ടുകാരും കുറ്റപ്പെടുത്തി, ഒറ്റപ്പെടുത്തി.

എല്ലാം കണ്ട് ആദ്യമൊക്കെ മെൽബ തളർന്നെങ്കിലും പിന്നെയവൾ ഉണർന്നെണീറ്റു. ഇല്ല ഞാൻ തോൽക്കില്ല. എന്റെ തമ്പുരാൻ എനിക്കു തന്ന എന്റെ തുണയെ വീണ്ടെടുക്കാൻ എനിക്ക് മാത്രേ കഴിയൂ. മാറാരോഗം ബാധിച്ചാൽ ഞാനെന്റെ ഇണയെ ഉപേക്ഷിക്കുമോ? ഇല്ല. തന്റെ ഭർത്താവിനെ അസുഖമുള്ള ഒരു കൊച്ചു കുട്ടിയെ ശുശ്രൂഷിക്കുന്നതു പോലെ നോക്കാൻ തുടങ്ങി. ജോമോനോട് കൂടെ കൂടുതൽ നേരമിരുന്ന് അവനെ ഒറ്റപ്പടുത്താതെ നെഞ്ചോടു ചേർത്ത് പിടിച്ച് അവനുറങ്ങുമ്പോൾ ക്രൂശിതരൂപത്തിനു മുമ്പിൽ മുട്ടുകുത്തി കൈവിരിച്ച് ചങ്കുപിളർന്ന് കരഞ്ഞു പ്രാർത്ഥിച്ചു.

അത്ഭുതമെന്നു പറയട്ടെ, ജോമോന്റെ കാടുപിടിച്ച ചിന്തകൾക്കും വിറളി പൂണ്ട സംശയങ്ങൾക്കും അവസാനം ഈശോയുടെ കുരിശിൻ ചുവട്ടിൽ ഉത്തരം കണ്ടെത്തി. അതേ ഇന്നെന്റെ ജോമോൻ

ഈശോയുടെ നവചൈതന്യ ത്താൽ തിളങ്ങുന്ന... യേശുവിനു വേണ്ടി മരിക്കാൻ വരെ തയ്യാ റാകുന്ന പുതു ജോമോനാണ്. അതെ എന്റെ ജോമോനെ എനിക്ക് കിട്ടി. കൂടുതൽ ഉണർവും ഈശ്വര വിശ്വാസവും നിറഞ്ഞ പുതു പുത്തൻ ജോമാനായിട്ട്......

| മിഷൻ ഞായർ | കവർ | ഉൽപ്പന്നം |
|---|---|---|
| ലിറ്റിൽ ഫ്ളവർ | 18940 | |
| സെ. ജൂഡ് | 15590 | |
| വിൻസെന്റ് ഡി പോൾ | 8600 | |
| സെ. ജോർജ്ജ് | 14580 | |
| സെ. സെബാസ്റ്റ്യൻ | 5970 | |
| മേരിമാത | 6840 | |
| സെ. ജോൺ | 8190 | |
| സെ. റാഫേൽ | 13220 | |
| സെ. ആന്റണീസ് | 11300 | |
| സെ. ക്ലാര | 10760 | |
| സേക്രഡ് ഹാർട്ട് | 9020 | |
| സെ. മേരീസ് | 11250 | |
| ലൂർദ്ദ്മാത | 7550 | |
| വിമലനാഥ | 9550 | |
| സെ. പോൾ | 6350 | |
| ഗുഡ്ഷെപ്പേർഡ് | 8800 | |
| സെ. ജോസഫ് | 5150 | |
| ഹോളി ഫാമിലി | 6700 | |
| സെ. ഫ്രാൻസീസ് | 3890 | |
| മദർ തെരേസ | 4230 | |
| സെ. ജെയിംസ് | 5050 | |
| എവുപ്രാസ്യ | 3760 | |
| സെ. തോമസ് | 2960 | |
| ആവേ മരിയ | 3340 | |
| സെ. സേവ്യർ | 2360 | |
| ഡോൺബോസ്കോ | 1800 | |
| **ആകെ** | **205750** | **16230** |





## സെ. എവുപ്രാസ്യമ്മ കുടുംബകൂട്ടായ്മയുടെയും സി.സി.സി. ഗോൾഡൻ സ്റ്റാഴ്സിന്റെയും സംയുക്ത വാർഷികം ആഘോഷിച്ചു

സെ. എവുപ്രാസ്യമ്മ കുടുംബ കൂട്ടായ്മയുടെയും സി.സി.സി. ഗോൾ ഡൻ സ്റ്റാഴ്സിന്റെയും വാർഷികം സംയുക്തമായി നവം ബർ 12-ാം തിയ്യതി വൈകീട്ട് 6 മണിക്ക് പള്ളി ബേസ്മെന്റ് ഹാളിൽ വെച്ച് ആഘോഷിച്ചു.

ഷൈബു പുതിയേടത്തുപറ മ്പിൽ സ്വാഗതവും, ലീന പോൾ റിപ്പോർട്ടും, ജെയ്സൺ വേലൂക്കാ രൻ കണക്കും, കൃപ സിജു സി. സി.സി. ഗോൾഡൻ സ്റ്റാഴ്സിന്റെ റിപ്പോർട്ടും വായിച്ചു.

വികാരി ഫാ. ജെയിംസ് വട ക്കൂട്ട് ഉദ്ഘാടനം നിർവ്വഹിച്ചു. ഫാ. ജിതിൻ നെല്ലങ്കര, സി. ഗ്ലാഡി മരിയ, സി. ശാന്തി റോസ്, ശ്രീ. ഒ. ഡി. ജോസഫ്, ശ്രീ. രാജൻ പല്ലൻ, ശ്രീ. വിത്സൻ മുക്കുങ്കൽ, ശ്രീ. ജോയ് എം. പി. എന്നിവർ ആശംസകൾ നേർന്നു.

യൂണിറ്റിൽ എസ്.എസ്.എൽ. സി., പ്ലസ് ടു ഉന്നതവിജയം കൈവരിച്ച വിദ്യാർത്ഥികളെയും, യോഗത്തിൽ മുടങ്ങാതെ വന്ന വർക്കും, ക്വിസിന് ഉത്തരം പറഞ്ഞ വർക്കും, ആദ്യ കുർബ്ബാന സ്വീക രണം കഴിഞ്ഞ കുട്ടികൾക്കും കലാപരിപാടികളിൽ പങ്കെടുത്ത വർക്കും സമ്മാനങ്ങൾ നൽകി.

ശ്രീ. പാസ്ക്കൽ ആന്റണി നന്ദി പറഞ്ഞു. സ്നേഹവിരുന്നോടു കൂടി യോഗം സമാപിച്ചു.


LALEE
DRIVING SCHOOL

Enquiry Office : Chelakkottukara, Near Caico Company
Prop. Mrs. Saly Babu, Mobile : 9895224230
പുരുഷന്മാരെയും സ്ത്രീകളെയും ഡ്രൈവിംഗ് പഠിപ്പിക്കുന്നു
സ്ത്രീകളെ സ്ത്രീകൾ തന്നെ പഠിപ്പിക്കുന്നു.
ഞായറാഴ്ച ദിവസങ്ങളിൽ പഠിക്കുന്നതിന് പ്രത്യേക സൗകര്യം

## സെ. ജോസഫ് യൂണിറ്റ് വാർഷികം ആഘോഷിച്ചു

സെ. ജോസഫ് കുടുംബക്കൂട്ടായ്മ വാർഷികം നവംബർ 19 ഞായറാഴ്ച സമുചിതമായി ആഘോഷിച്ചു. പള്ളി ബേസ്മെന്റ് ഹാളിൽ ചേർന്ന വാർഷിക യോഗത്തിൽ പ്രസിഡന്റ് ബൈജു ജോസഫ് അദ്ധ്യക്ഷനായിരുന്നു. അസി. വികാരി ഫാ. ജിതിൻ നെല്ലങ്കര വാർഷികം ഉദ്ഘാടനം ചെയ്തു. കേന്ദ്രസമിതി പ്രസിഡന്റ് ഒ. ഡി. ജോസഫ്, സി. നിത, സി. ജിൻസ തെരേസ്, ട്രസ്റ്റി രാജൻ പല്ലൻ എന്നിവർ ആശംസകൾ നേർന്നു. സെക്രട്ടറി ജീസ് മരിയ ജോയ് റിപ്പോർട്ടും ട്രഷറർ ജെയിൻ ജോസഫ് കണക്കും അവതരിപ്പിച്ചു. 25-ാം വിവാഹ വാർഷികം ആഘോഷിക്കുന്ന തട്ടിൽ ജോർജ്ജ് - മിനി ദമ്പതികൾക്ക് ഉപഹാരം നൽകി ആദരിച്ചു. കുട്ടികളുടെയും മുതിർന്നവരുടെയും മത്സരങ്ങളും കലാപരിപാടികളും ഉണ്ടായിരുന്നു. ഒരു വർഷത്തെ കൂട്ടായ്മകളിൽ മുടങ്ങാതെ വന്നവർക്കും മത്സരവിജയികൾക്കും സമ്മാനങ്ങൾ വിതരണം ചെയ്തു. സ്നേഹവിരുന്നും ഉണ്ടായിരുന്നു.

## സെ. ജോൺ യൂണിറ്റ് വാർഷികം ആഘോഷിച്ചു

സെ. ജോൺ കുടുംബകൂട്ടായ്മ വാർഷികം നവംബർ 19ന് ആഘോഷിച്ചു. കുടുംബകൂട്ടായ്മ അംഗം ബാബു മേച്ചേരി സ്വാഗതം പറഞ്ഞു. സെക്രട്ടറി ലീന ആന്റണി വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. പ്രസിഡന്റ് ജോയ് മേക്കാട്ടുകുളത്തിന്റെ അദ്ധ്യക്ഷതയിൽ വികാരി ഫാ. ജെയിംസ് വടക്കൂട്ട് ചടങ്ങ് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു.

സി. ഗ്ലാഡിമരിയ, സി. ശാന്തി റോസ്, കേന്ദ്രസമിതി അംഗം ഫ്രാങ്കോ, കൈക്കാരന്മാർ രാജൻ പല്ലൻ, ജോൺസൻ അക്കര, ബിജു കോട്ടപറമ്പിൽ, വിൽസൺ മുക്കുങ്കൽ എന്നിവർ ആശംസ നേർന്നു.

എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കിയവർക്ക് സമ്മാനങ്ങൾ നൽകി ആദരിച്ചു. കുട്ടികളുടെയും മുതിർന്നവരുടെയും വിവിധങ്ങളായ കലാപരിപാടികൾ ഉണ്ടായിരുന്നു. ശേഷം യോഗത്തിൽ ജോ. സെക്രട്ടറി ബിൻസി അലക്സ് നന്ദി പറഞ്ഞു.

സ്നേഹവിരുന്നോടെ യോഗം സമാപിച്ചു.





## ലിറ്റിൽ ഫ്ളവർ യൂണിറ്റ് വാർഷികം

ലിറ്റിൽ ഫ്ളവർ കുടുംബകൂട്ടായ്മയുടെ വാർഷികം നവംബർ 5 ഞായറാഴ്ച വൈകീട്ട് 6 മണിക്ക് പള്ളിയുടെ ബേസ്മെന്റ് ഹാളിൽ വച്ച് ആഘോഷിച്ചു.

ഡോ. സി.എഫ്. ബിനോയ് ഏവർക്കും സ്വാഗതം ആശംസിച്ചു. ശ്രീ. ജോർജ്ജ് പി. ഡി. പ്രസിഡന്റ് അദ്ധ്യക്ഷപ്രസംഗം നടത്തി. അസി. വികാരി റവ. ഫാ. ജിതിൻ നെല്ലങ്കര വാർഷിക സന്ദേശം നൽകി ഉദ്ഘാടനം നിർവ്വഹിച്ചു. റവ. സി. ലിബിയ റോസ്, റവ. സി. ക്ലെയർ ലിറ്റ്, കുടുംബകൂട്ടായ്മ കേന്ദ്രസമിതി കൺവീനർ ശ്രീ. ഒ. ഡി. ജോസഫ്, നടത്തുകൈക്കാരൻ ശ്രീ. രാജൻ പല്ലൻ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു.

വിവിധ മത്സരപരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കിയവർക്കുള്ള മെറിറ്റ് അവാർഡുകളും അതിരൂപത തലത്തിൽ വിവിധ മത്സരങ്ങളിൽ വിജയികളായവർക്കുള്ള സമ്മാനങ്ങളും നവജാതശിശുക്കൾക്കുള്ള സമ്മാനങ്ങളും വിതരണം ചെയ്തു. കുട്ടികളുടെയും മുതിർന്നവരുടെയും വിവിധ കലാപരിപാടികളും ക്വിസ് മത്സരങ്ങളും ബംപർ സമ്മാനങ്ങളും ഉണ്ടായിരുന്നു. ശ്രീമതി മേഴ്സി ജോൺസൻ നന്ദി പ്രകാശിപ്പിച്ചു. സ്നേഹവിരുന്നോടെ വാർഷികം സമാപിച്ചു.

## സെ. സേവ്യർ യൂണിറ്റ് വാർഷികം

സെന്റ് സേവ്യർ കുടുംബകൂട്ടായ്മ വാർഷികം നവംബർ 26-ാം തിയ്യതി ഉച്ചതിരിഞ്ഞ് 3.30ന് പുളിക്കൻ സണ്ണി ഭാര്യ അമ്മിണിയുടെ വീട്ടിൽ ആഘോഷിച്ചു.

പ്രസിഡന്റ് ശ്രീ. ജിനോ ജേയ്ക്കബ് എല്ലാവരെയും സ്വാഗതം ചെയ്തു. പിന്നീട് ബഹു. വികാരിയച്ചൻ ഫാ. ജെയിംസ് വടക്കൂട്ട് അദ്ധ്യക്ഷത വഹിക്കുകയും വാർഷികം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. സെക്രട്ടറി ശ്രീമതി ജോസി ലൈജു റിപ്പോർട്ട് അവതരിപ്പിച്ചു. ബഹു. കൊച്ചച്ചൻ ജിതിൻ നെല്ലങ്കര, സി. ജാസ്മിൻ, കേന്ദ്രസമിതി കൺവീനർ ഏ. ഡി. ഷാജു മാസ്റ്റർ, കൈക്കാരൻ ശ്രീ. രാജൻ പല്ലൻ, ബ്ര. സനിൽ ഷാജു എന്നിവർ ആശംസകൾ നേർന്നു.

SSLC, Plus Two പരീക്ഷയിൽ ഉന്നതവിജയം നേടിയവർക്കും 30ഉം അതിനുമുകളിൽ വിവാഹ വാർഷികം കഴിഞ്ഞവരെയും സമ്മാനങ്ങൾ നൽകി ആദരിച്ചു. കൂടാതെ മുതിർന്നവരുടെയും, കുട്ടികളുടെയും വൈവിദ്ധ്യമാർന്ന കലാപരിപാടികൾ ഉണ്ടായിരുന്നു. തുടർന്ന് ശ്രീമതി ജിൻസി ഡെയ്സൻ നന്ദി പറഞ്ഞു. സ്നേഹവിരുന്നിനു ശേഷം വാർഷികം സമാപിച്ചു.

ഫീച്ചർ

# ബോറടിക്കുന്നവർ



ഏ.ഡി. ഷാജു

കോളേജിലെ അധ്യാപകൻ ക്ലാസിലെത്തിയപ്പോൾ വിദ്യാർഥികൾ കുറവ്. പത്തോളം പേർ ക്ലാസ് കട്ട് ചെയ്തിരിക്കുന്നു. എന്തുപറ്റി, പലരും മുടക്കമാണോ . അധ്യാപകന്റെ ചോദ്യത്തിന് ഒരു വിദ്യാർഥി മറുപടി പറഞ്ഞു.

സാർ, കഴിഞ്ഞ ക്ലാസ് ബോറടിക്കുന്നതായിരുന്നു. അതിനാൽ അവരൊക്കെ കാന്റീനിലാണ്. ബോറടി എന്നതിനെ വിരസത എന്നു പറയാം. പലർക്കും ജീവിതത്തിലുണ്ടാകുന്ന വികാരമാണ് വിരസത. പലവിധത്തിൽ ബോറടി ഉണ്ടാകാം. ഒരേ കാര്യം ആവർത്തിച്ചു കേൾക്കുമ്പോൾ, ഒരു പ്രസംഗം പലതവണ കേൾക്കാൻ ഇടയായാൽ, വീട്ടിലോ ഓഫീസിലോ വെറുതെ ഇരിക്കുമ്പോൾ, വിദ്യാർഥികൾക്ക് കുറെ പഠിച്ചു കഴിയുമ്പോൾ അങ്ങനെ പോകുന്നു.... ബോറടികൾ. ഓരോ ദിവസവും നാം ചെയ്യാനുള്ള കാര്യങ്ങൾക്ക് കൃത്യത, വ്യക്തത, താല്പര്യം എന്നിവ ഇല്ലാതെ വരുമ്പോഴാണ് അലസത കടന്നു വരുക. ഒരു തരത്തിൽ മടിയാണ് വിരസതയുടെ ഉൽഭവം.

നമ്മുക്ക് ലഭിച്ച സമയത്തെ ശരിയായ രീതിയിലും ശൈലിയിലും ദിശാബോധത്തിലും ഉപയോഗിച്ചാൽ വിരസത അതിജീവിക്കാനാവും. എങ്ങനെ പുതിയതായ ജീവിത ശൈലി സ്വീകരിക്കാമെന്ന മാനസിക അവസ്ഥയിൽ ജീവിക്കുന്നവർക്ക് ഓരോ ദിനവും വിരസത അകറ്റി നിർത്താൻ കഴിയും. നമ്മുടെ ജീവിതത്തെ നമ്മൾ സ്നേഹിക്കണം. ആ ഇഷ്ടമാണ് തുടക്കം. ഒരിക്കലും നഷ്ടബോധത്തിൽ ഇരുന്ന് ഏകാന്തനായി മാറാൻ ശ്രമിക്കരുത്. നമുക്ക് അവസരങ്ങൾ ജീവിതത്തിൽ ലഭിക്കും. അത് ഏറ്റെടുക്കുന്നവനാണ് ബോറടി ഇല്ലാതെ മുന്നേറാൻ കഴിയുന്നവൻ. വലിയ ശക്തമായ കാര്യങ്ങൾ ചെയ്തു തീർക്കുകയല്ല. ചെറിയ കാര്യങ്ങളിൽ പോലും ശ്രദ്ധയുള്ളവനാകുക.

എപ്പോഴും മനസിൽ പുതുമയും വ്യത്യസ്തതയും ഉൾകൊണ്ട് ജീവിക്കാൻ പഠിക്കണം. നല്ല സൗഹൃദം, പുസ്തക വായന എന്നിവയെല്ലാം ബോറടികൾക്ക് പരിഹാരമാണ്. നമ്മുടെ ചിന്താ





ഗതിയിൽ ചെറിയ രീതിയിൽ മാറ്റങ്ങൾ വരുത്താൻ നോക്കുക.


നമ്മെ സ്വാധീനിക്കുന്ന നവീന ആശയങ്ങളെ സ്വീകരിക്കാനും പുതിയ കർമ്മമണ്ഡലങ്ങളിൽ സജീവ പ്രവർത്തകരാകാൻ അധ്വാനിക്കുക. കുറെ സമയം ലാബിൽ പരീക്ഷണത്തിന് ഇരുന്ന തോമസ് ആൽവാ എഡിസൺ കണ്ടെത്തുമ്പോഴുള്ള ഫലമാണ് അവനെ ബോറടിയിൽ നിന്ന് അകറ്റാൻ ഇടയാക്കിയ പ്രചോദനം. നാളെ നല്ല സന്തോഷം ലഭിക്കുമെന്ന് ഒരു ബുദ്ധിമുട്ടുള്ള കാര്യം ചെയ്യുമ്പോൾ വിചാരിക്കുക ബോറടി ദൂരെ പോകും.

## പള്ളി വൃത്തിയാക്കേണ്ട യൂണിറ്റുകൾ

| | | | | |
|---|---|---|---|---|
| ഡിസംബർ | 2 ശനി | - | സെ. ജെയിംസ് | യൂണിറ്റ് |
| | 9 ശനി | - | സെ. എവുപ്രാസ്യ | ” |
| | 16 ശനി | - | സെ. മേരീസ് | ” |
| | 23 ശനി | - | സെ. മദർ തെരേസ | ” |
| | 30 ശനി | - | വിമലനാഥ | ” |







ചുറ്റുവട്ടം

# പേര്മാറ്റവും, സനാതനധർമ്മവും പിന്നെ അല്പം പലസ്തീനും



ജോസഫ് ഒ.ഡി.

നമ്മുടെ രാജ്യത്തിന്റെ പേര് ഭാരതം എന്ന് മാറ്റാനുള്ള കൊണ്ട് പിടിച്ച ശ്രമങ്ങൾ ഡൽഹി കേന്ദ്രീകരിച്ച് നടക്കുകയാണ്. സ്കൂൾ പാഠപുസ്തകങ്ങളിൽ ഇന്ത്യക്ക് പകരം ഭാരതം മതിയെന്ന് എൻ.സി.ഇ.ആർ.ടി. നിയോഗിച്ച മലയാളി അദ്ധ്യക്ഷനായ സമിതി നിർദ്ദേശം വെച്ചിരിക്കുന്നു. ഒരു ഭരണകൂടത്തിന്റെ സങ്കുചിത ചിന്തയും സംഘപരിവാർ താൽപര്യവുമാണ് ഇതിന്റെ പിന്നിലുള്ളതെന്ന് മനസ്സിലാക്കാൻ അധികം അറിവൊന്നും വേണ്ട. ഈയിടെ ഡൽഹിയിൽ നടന്ന ജി-20 ഉച്ചകോടിയിൽ സംസാരിച്ച പ്രധാനമന്ത്രി ഇന്ത്യയെന്നതിനുപകരം ഭാരത് എന്ന പദമാണ് പ്രസംഗത്തിലുടനീളം ആവർത്തിച്ചത്. രാഷ്ട്രപതി പദവിപോലും വിധേയത്വത്തിന് വിധേയമാകുന്നുവെന്നുള്ളത് അമ്പരപ്പുണ്ടാക്കുന്നു. കഴിഞ്ഞ 75 വർഷമായി ഇന്ത്യയെന്നും, ഭാരതമെന്നും ഉപയോഗിച്ച് പോന്ന മനുഷ്യർക്കിടയിൽ വിതച്ച വിഭാഗീയതയുടെ വിത്തായി ഇത് മാറിയിട്ടുണ്ട്.

ഇന്ത്യയെന്ന പേര് ഒഴിവാക്കാൻ കേന്ദ്രസർക്കാർ മുന്നോട്ട് വന്നതിന്റെ പല സൂചനകളും നമുക്ക് മുന്നിലുണ്ട്. തങ്ങളുടെ സഖ്യത്തിന് ഇന്ത്യയെന്ന് പേരിട്ടതോടെ വിറളി പിടിച്ച ഭരണകക്ഷി വഴിവിട്ട കളികൾ നടത്തുകയാണെന്ന് പ്രതിപക്ഷം ആരോപണം ഉന്നയിച്ചിട്ടുണ്ട്.

ഇന്ത്യ അതായത് ഭാരതം സംസ്ഥാനങ്ങളുടെ യൂണിയനായിരിക്കുന്നതാണ് (India that is Bharat shall be a union of states) എന്ന വാക്യത്തിലാണ് നമ്മുടെ ഭരണഘടന ആരംഭിക്കുന്നത്. ഭാവിയിൽ രൂപം കൊള്ളുന്ന റിപ്പബ്ളിക്കിന്റെ പേരായി അത് ഇന്ത്യ എന്ന പദത്തെ നിർദ്ദേശിക്കുന്നു. ഇന്ത്യയെ സൂചിപ്പിക്കുന്ന മറ്റൊരു പേരാണ് ഭാരതമെന്ന് പ്രസ്താവിക്കുകയും ചെയ്യുന്നു. ഇന്ത്യയെന്നതിന് പകരമല്ല ഭാരതം. 1950 ജനുവരി 26ന് അംഗീകരിച്ച ഭരണഘടനയുടെ ഹിന്ദി പതിപ്പിൽ ഭാരത് എന്നാൽ ഇന്ത്യയെന്നാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇന്ത്യൻ ഭരണഘടന ബി. ആർ. അംബേദ്കറുടെ നേതൃത്വത്തിൽ ഇംഗ്ലീഷിലാണ് ആദ്യം എഴുതപ്പെട്ടത്. നമ്മുടെ രാഷ്ട്രത്തിന്റെ ബഹുസ്വരതാ സംസ്കാരത്തെയും അതിന്റെ ഫെഡറലിസത്തെയും നിർവചിക്കുന്ന നാമമാണ് ചുരുക്കി പറഞ്ഞാൽ ഇന്ത്യ. ഇന്ത്യയെന്നത് വെറുമൊരു രാഷ്ട്രനാമമായല്ല മറിച്ച് യുഗയുഗാന്തരമായുള്ള ആർഷഭാരത പാരമ്പര്യത്തിന്റെ അടയാളവും കൂടിയാണ്. റിപ്പബ്ലിക് ഓഫ് ഇന്ത്യയെന്നാണ്. നമ്മുടെ രാജ്യത്തിന്റെ ഔദ്യോഗിക നാമം. 1783ൽ അമേരിക്കൻ ഐക്യനാടുകളുടെ സ്വാതന്ത്ര്യം പാരീസ് ഉടമ്പടി വഴി ബ്രിട്ടൻ അംഗീകരിച്ചു. അപ്പോൾ അമേരിക്കയിൽ 50 സംസ്ഥാനങ്ങളായാണ് യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്ക നിലവിൽ വന്നത്. 1783ൽ 14 സംസ്ഥാനങ്ങളായിട്ടാണ് ഇന്ത്യൻ യൂണിയനെ വിഭജിച്ചത്. അത് പിന്നീട് 29 സ്റ്റേറ്റായും, കശ്മീരിനെ വെട്ടി 28 സ്റ്റേറ്റായും ഇപ്പോൾ നിലനിൽക്കുന്നു. ഇത്തരമൊരു പേരുമാറ്റം വന്നാൽ അത് കൊണ്ട് എന്ന് പരിവർത്തനമാണ് രാജ്യത്തിനുണ്ടാവുക. കാലത്തിന്റെ സുദീർഘമായ സഞ്ചാരത്തിലൂടെ ഉരുതിരിഞ്ഞ് വൈവിധ്യങ്ങളുടെ സത്ത ഉൾക്കൊള്ളാൻ പ്രാപ്തിയില്ലാത്ത ഒരു ജനതയായി നാം മാറിയെന്ന സന്ദേശമാകും ഇതുവഴി നാം ലോകത്തിന് കൊടുക്കുക. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യത്തിന്റെ അപചയമാകും പേരുമാറ്റം വഴി സംഭവിക്കുക.

സനാതനധർമ്മത്തെക്കുറിച്ചും ഇന്ത്യയിൽ കട്ടക്ക് ചർച്ച നടക്കുകയാണ്. സനാതനധർമ്മം എന്ന ആശയം ക്രിസ്തുവിന് മുമ്പ് മനുസ്മൃതിയിലാണ് ആദ്യം പ്രത്യക്ഷപ്പെട്ടത്. 4 വേദങ്ങളും സനാതനം ആണെന്ന ധാരണയിൽ നിന്നാണ് സനാതന സങ്കല്പം വരുന്നത്. മതാതീതമായ നൈതീകതയുടെ അടിസ്ഥാനത്തിൽ ഗാന്ധിജി സനാതന ധർമ്മത്തെ പുനർനിർവചിച്ചു. ജനങ്ങളുടെ തുല്യതക്ക് വേണ്ടി നില കൊണ്ട് ഗാന്ധി ഭൂരിപക്ഷമതദേശീയത അപകടമാണെന്ന് തിരിച്ചറിയുകയും അതിനെതിരെ സന്ധിയില്ലാസമരം നടത്തുകയും ചെയ്തു. അതിന്റെ വിലയാണ് ഗാന്ധിയുടെ രക്തസാക്ഷിത്വം. സ്വാർത്ഥമോഹം അനീതിയും മനുഷ്യന്റെ നന്മയാണ് നീതിയെന്നും സ്വരാജ്യമെന്നാൽ നീതിയുടെ രാജ്യമാണെന്നും ഗാന്ധി വ്യക്തമാക്കുന്നു. അതിനാൽ മാനുഷിക മൂല്യങ്ങളാണ് യഥാർത്ഥമായ സനാതനധർമ്മം. ജാതിനിലനിൽക്കുന്നിടത്തോളം അയിത്തം നിലനിൽക്കുമെന്നും അതിനാൽ ജാതി തന്നെയാണ് ഇല്ലാതാക്കേണ്ടതെന്നും അംബേദ്കറും പറയുന്നു. ഇതാണ് സത്യമെന്നിരിക്കേ ചില വിഭാഗങ്ങൾ സനാതനധർമ്മം തങ്ങളുടേതാണെന്ന് വ്യാഖ്യാനിച്ച് വോട്ട് തട്ടാനുള്ള മാർഗ്ഗമായി കൊണ്ടുനടക്കുകയാണ്. വർഗ്ഗീയതയും ആത്മീയതയും രണ്ടും രണ്ടാണെന്ന് തിരിച്ചറിയണം.

ഇസ്രായേൽ - പലസ്തീൻ വിഷയം കത്തിയാളുകയാണല്ലോ. ഹമാസിന്റെ ഗാസ ഏറെക്കുറെ ഇല്ലാതായികൊണ്ടിരിക്കുന്നു ഭീകരവാദവും, യുദ്ധവും മാനവികതയുടെ ശത്രുക്കളാണ്. രണ്ടും എതിർക്കപ്പെടേണ്ടതാണ്. കേരളത്തിൽ പലസ്തീൻ ഐക്യദാർഢ്യം പറഞ്ഞ്



2023 സ്നേഹദൂത് ഡിസംബർ

എല്ലാവരും റാലി നടത്തുകയാണ്.

കേരളത്തിലെ റാലികൾക്കുള്ളത്? പലസ്തീൻ വിഷയത്തിലെ ആത്മാർത്ഥത ചോദ്യം ചെയ്തുള്ള ആരോപണ പ്രത്യാരോപണങ്ങൾ കാണുകയും കേൾക്കുകയും ചെയ്യുമ്പോൾ രാഷ്ട്രീയ പാർട്ടികൾ പൗരന്മാരെ വെറും വോട്ട് ബാങ്ക് മാത്രമായി കുറച്ച് കാണുകയാണ്. ജനങ്ങളുടെ അജ്ഞത അവർ മുതലെടുക്കുന്നു. ഹമാസ് വിരുദ്ധ റാലികളും വരാൻ പോകുന്നുവെന്ന് വാർത്ത കണ്ടു. നാം ഉണരേണ്ടിയിരിക്കുന്നു. പാർട്ടികൾ അവരുടെ നിലനിൽപ്പിന്റെ കളിയാണ് കളിക്കുന്നത്. ആത്മാർത്ഥത തൊട്ട് തീണ്ടാത്ത ഇത്തരം കളികൾ അർഹിക്കുന്ന അവജ്ഞയോടെ തള്ളുമ്പോഴാണ് നാം യഥാർത്ഥ പൗരരാവുക. യുദ്ധവും ഭീകരവാദവും പ്രശ്നങ്ങൾ പരിഹരിക്കുകയല്ല മറിച്ച് പ്രശ്നങ്ങൾ കൂട്ടുകയെ ഉള്ളൂ. റഷ്യ യുക്രെയ്നിൽ അധിനിവേശം നടത്തിയപ്പോഴും, മണിപ്പൂരിൽ മനുഷ്യത്വം പിച്ചിചീന്തിയപ്പോഴും എവിടെ പോയി റാലികൾ ? ലോക്സഭാ തിരഞ്ഞെടുപ്പിൽ വോട്ട് തട്ടണം. കേരളം നേരിടുന്ന രൂക്ഷമായ വെല്ലുവിളികളെ ഇല്ലായ്മ ചെയ്യാനുള്ള റാലികളാണ് നമുക്ക് വേണ്ടത്. കർഷക ആത്മഹത്യ, ചെറുകിട സംരഭകരും, കച്ചവടക്കാരും നേരിടുന്ന വെല്ലുവിളികൾ, സാധാരണക്കാരൻ നേരിടുന്ന വിലക്കയറ്റം തുടങ്ങി ജനങ്ങളെ നേരിട്ട് ബാധിക്കുന്ന വിഷയങ്ങൾ പരിഹരിക്കാൻ ശ്രമിക്കുന്നതിന് പകരം നമ്മൾ വിചാരിച്ചാൽ ഒന്നും സംഭവിക്കാത്ത വിഷയങ്ങൾ പൊക്കികൊണ്ടുവരുന്നതിലെ യുക്തി എത്ര ചിന്തിച്ചിട്ടും പിടികിട്ടുന്നില്ല. ഭീകരവാദം ഒഴിവാകുന്ന ലോകസമാധാനവും അധിനിവേശ ചിന്തക്ക് അന്ത്യം കുറിക്കുന്ന പുത്തൻ ലോകക്രമത്തിനും കാത്തിരിക്കാം.

## സീനിയർ സി.എൽ.സി. പുതിയ ഭാരവാഹികൾ


| | | |
|---|---|---|
| പ്രസിഡന്റ് | - | വർഗ്ഗീസ് വാകയിൽ |
| വൈസ് പ്രസിഡന്റ് | - | വിപിൻ വിൽസൻ |
| ” | - | മെസ്റ്റിൻ സ്റ്റീഫൻ |
| സെക്രട്ടറി | - | പ്രിൻസ് പുതുശ്ശേരി |
| ട്രഷറർ | - | ടെസ്വിൻ ടി. ഫ്രാൻസീസ് |
| ജോ. സെക്രട്ടറി | - | ലിജോ ജോയ് |
| ” | - | ലിക്സൻ ജോൺ |
| ജനറൽ കോ-ഓർഡിനേറ്റർ | - | ബിജു കോട്ടപ്പറമ്പിൽ |





## കളറിങ് മത്സരം 12/2023 (മതബോധന വിദ്യാർത്ഥികൾക്ക്)

ഈ ചിത്രം കളർ ചെയ്ത് ഡിസംബർ 15ന് മുമ്പായി സ്നേഹദൂത് ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കുക. ഏറ്റവും മനോഹരമായി കളർ ചെയ്ത ചിത്രത്തിന് സമ്മാനം. പങ്കെടുക്കുന്നവർ ചിത്രത്തിന്റെ എല്ലാ ഭാഗത്തും കളറിങ് നടത്താൻ ശ്രദ്ധിക്കണം.



പേര്.................................................

യൂണിറ്റ്.................................................

ക്ലാസ്സ്.................................................

അഡ്രസ്സ്.................................................

ഫോൺ.................................................

## കളറിങ് മത്സരം 11/2023

വിജയി : ഗോഡ്വിൻ ഷാജു, VI

ചിന്താസരണി



# ചിന്തയുടെ ലോകം

ഡോ. കെ. ജെ. കുഞ്ഞിപ്പാലു
അഡ്വക്കേറ്റ്

ചിന്തിക്കുന്നതിന്റെ പുറകിൽ ആശയങ്ങളുടെ ഒഴുക്ക് നടക്കുന്നു. ഉണർത്താൻ ഇഷ്ടപ്പെടാത്ത ആശയങ്ങളാണെങ്കിൽ യുക്തി അതിനെ വളച്ചൊടിക്കും. പിന്നീട് വളഞ്ഞ ചിന്തകൾ നമ്മുടെ സ്വന്തമായ ആശയമാണെന്ന ധാരണയിൽ ആനന്ദിക്കുന്നവർ ഉണ്ടായിരിക്കും. ശരികളുടെയും തെറ്റുകളുടെയും ഇടയിൽ വരക്കുന്ന വരകൾ എന്തിനെ ആശ്രയിക്കുന്നു എന്നുള്ളത് മേൽപറഞ്ഞതിന്റെ ഒഴുക്കായിരിക്കാം. തെറ്റുകൾ മനസ്സിലാക്കുക എന്നത് കൃത്യമായ ചിന്തയിലൂടെ വരേണ്ടതായ വസ്തുതയാണ്. സാഹചര്യങ്ങളിൽ കൊണ്ടു നടക്കുന്ന തെറ്റുകൾ പോലും ചിലപ്പോൾ ചിന്തിക്കുന്നവന് വിലയില്ലാതെ പോകുന്നതായി കാണാം. "ഞാൻ നിന്നെ ശിക്ഷിക്കുന്നില്ല" എന്ന യേശുവിന്റെ വാചകം ക്രിയാത്മക ചിന്തയുടെ ഒഴുക്കാണ്. സാഹചര്യം കണക്കിലെടുത്ത ചിന്തയല്ല.

ആപേക്ഷികമായ ശരിയും തെറ്റും പറയുന്നവന്റെ ലക്ഷ്യം എന്തെങ്കിലും സ്ഥാനമോ, സാമ്പത്തിക നേട്ടമോ മറ്റോ ആയിരിക്കും. സ്വന്തം കണ്ണിലെ കരട് എടുത്ത് മാറ്റി മാത്രം മറ്റുള്ളവർക്ക് കണ്ണിലെ കരടിനെകുറിച്ച് ചർച്ച ചെയ്താൽ മതി എന്ന വാചകത്തിന്റെ അർത്ഥം മേൽ ഉദ്ധരിച്ച അർത്ഥതലത്തിന്റെ ആകെ തുകയാണ്. തത്വശാസ്ത്രങ്ങളുടെ പിതാവായ റൂസ്സെൽ പറയുന്നതും ഇതുതന്നെ. ഒരു വിഷയവുമായി ബന്ധപ്പെട്ട് കിടക്കുന്ന ഒരു ചെറിയ ആശയത്തെ കിട്ടിയാൽ അതിനെ അവതരണവാക്കിന്റെ അർത്ഥവും കൂട്ടിചേർത്താണ് തത്വശാസ്ത്രം ഉണ്ടാകുന്നതെന്നാണ് റൂസ്സെലിന്റെ വാദം. നിറയുന്ന മനസ്സും, ചിന്തിക്കുന്ന ബുദ്ധിയും ഉൾക്കൊള്ളുന്ന ഒരു സമ്മിശ്രണമാണ് തത്വജ്ഞാനികളുടെ വാക്കുകളിലെ അർത്ഥതലം.


75-ാം പേജിനും, 76-ാം പേജിനും ഇടയിൽ വായിച്ച ശേഷം അടയാളം വെച്ചു എന്ന് പറയുന്ന രീതിയും, ചിന്തയിലൂടെ കടന്നുപോകുന്ന ഒഴുകുന്ന അർത്ഥതലവും കൂടി ചേരുമ്പോൾ അത് തെറ്റെന്ന് ചിന്തിക്കുന്ന ബുദ്ധിയാണ് വേഗതയുടെ ചിന്താശകലം. 75നും 76നും ഇടയിലെ പേജിൽ അടയാളം വെയ്ക്കാൻ സാധ്യമല്ല എന്ന ചിന്തയാണ് വസ്തുതാദർശനം. ഇത് തെളിയിക്കപ്പെടേണ്ടതല്ല; മറിച്ച് അർത്ഥശൂന്യമാണ്. അഭിപ്രായങ്ങൾ പറഞ്ഞവതരിപ്പിക്കുന്നവരുടെ ഇത്യാദി ചിന്തകൾ അർഹമാണോ അനർഹമാണോ എന്ന് കേൾവിക്കാരൻ മനസ്സിലാക്കുമ്പോഴാണ് ശരികളുടെയും സത്യങ്ങളുടെയും ബലം വർദ്ധിക്കുന്നത്.

അവതരണത്തിന്റെ ഭംഗി കൂടുമ്പോൾ ചിന്തയുടെ ആഴം കുറയും. അവതരണത്തിന്റെ സൗന്ദര്യം ബുദ്ധിയെ തോൽപ്പിച്ചെന്ന് വരാം. ചിന്തിക്കാത്തവന്റെ മനസ്സ് ആളൊഴിഞ്ഞ വീട് പോലെ ശൂന്യമാണ്. മതിലുകൾക്ക് മനസ്സുകളില്ല, പക്ഷെ മനസ്സുകൾക്ക് മതിലുകളുണ്ട്. വികാരങ്ങൾക്കും ഇതിൽ പങ്കുണ്ട്. അതുകൊണ്ടാണ് വികാരം വരുമ്പോൾ തീരുമാനിക്കരുത് എന്നും, സന്തോഷം വരുമ്പോൾ സമ്മാനം കൊടുക്കരുതെന്നും പറയുന്നത്.

മനസ്സ് പതറിയാൽ ചിന്തിക്കരുത് എന്നും കണ്ണിൽ ഇരുട്ട് പടർന്നാൽ കാണാൻ ശ്രമിക്കരുത് എന്നും പറയുന്നത് അത് ശരികളിൽ നിന്നുള്ള അകലം കൂട്ടും. രണ്ടും ഉണ്ടാക്കുന്നത് അപകടമാണ്. ഭ്രാന്തന്മാരുടെ ഭ്രാന്തും, നമ്മുടെ ഭ്രാന്തില്ലായ്മയും തമ്മിലുള്ള അകലം ഒരു തരം ഭ്രാന്താണെന്ന് ഒരു തത്വജ്ഞാനി പറഞ്ഞത് അതുകൊണ്ടാണ്.







**ഉപകാരസ്മരണ**

മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ലീഹായെ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫലസിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായവും ചെയ്യുന്നതിന് വിശേഷ വിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. – **ഒരു വിശ്വാസി**

# സുധർമ്മ

## മെട്രോപൊളിസ് ലബോറട്ടറി

**കിഴക്കേ കോട്ട ഷോപ്പിംഗ് കോംപ്ലക്സ്, കിഴക്കേ കോട്ട ജംഗ്ഷൻ**

**7902474474, 9895359097, 9744110888**

SUDHARMA METROPOLIS The Pathology Specialist



വീട്ടിൽ വന്ന് സാംപിൾ എടുക്കുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്

LAB TIMING Monday – Saturday 7 AM – 5 PM

## ബൈബിൾ ക്വിസ് 12/2023
### മതബോധന വിദ്യാർത്ഥികൾക്ക് (യോഹന്നാൻ 5 – 8 അധ്യായങ്ങൾ)

1. പിതാവിന്റെ സന്നിധിയിൽ ആരായിരിക്കും നിങ്ങളെ കുറ്റപ്പെടുത്തുക എന്നാണ് ഈശോ പറയുന്നത് ?
2. സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വന്ന അപ്പം ഞാനാണ് എന്ന് യേശു പറഞ്ഞപ്പോൾ ആരാണ് അവനെതിരെ പിറുപിറുത്തത് ?
3. 'കൂടുതൽ മോശമായതൊന്നും സംഭവിക്കാതിരിക്കാൻ മേലിൽ പാപം ചെയ്യരുത്' ആര് ആരോട് പറഞ്ഞത് ?
4. തിബേരിയാസ് എന്ന് അറിയപ്പെടുന്ന സ്ഥലം.
5. യഹൂദർ യേശുവിനെ വധിക്കാൻ പരിശ്രമിച്ചത് എന്തുകൊണ്ട് ?
6. വള്ളത്തിൽ കയറി ശിഷ്യന്മാർ എവിടേക്കാണ് പുറപ്പെട്ടത് ?
7. എന്റെ സമയം ഇനിയും പൂർത്തിയായിട്ടില്ല എന്ന് പറഞ്ഞ് യേശു എവിടെയാണ് താമസിച്ചത് ?
8. 'നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും' യേശു ആരോട് പറഞ്ഞ വാക്കുകൾ.
9. യേശുവിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽ നിന്ന് വിശുദ്ധ ലിഖിതം പ്രസ്താവിക്കുന്നതുപോലെ' എന്തൊഴുകുമെന്നാണ് പറഞ്ഞത് ?
10. 'ഞാനും നിന്നെ വിധിക്കുന്നില്ല, പോയ്ക്കൊള്ളുക. ഇനിമേൽ പാപം ചെയ്യരുത്' യേശു ആരോട് പറഞ്ഞത്.

**ഉത്തരങ്ങളിൽ അദ്ധ്യായവും വാക്യവും ചേർക്കേണ്ടതാണ്.**
ഉത്തരങ്ങൾക്ക് മുകളിൽ ക്വിസ് നമ്പർ ചേർത്ത് ഈ മാസം 15ന് മുമ്പ് ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കുക, പേരിനൊപ്പം പഠിക്കുന്ന ക്ലാസ് എഴുതേണ്ടതാണ്.

### ഉത്തരങ്ങൾ 11/2023

1. നിക്കൊദെമോസിന്റെ (3:2), 2. സമരിയായിലെ സിക്കാർ (4:5), 3. യോഹന്നാൻ (1:7), 4. രാജസേവകനോട് (4:48), 5. ഗലീലിയിലെ കാനായിൽ ചെയ്ത അത്ഭുതം (2:11), 6. സാലിമിനടുത്തുള്ള ഏനോനിൽ വെച്ച് (3:23), 7. നാല്പത്താറു സംവത്സരം (2:20), 8. രാജസേവകന്റെ മകനെ സുഖപ്പെടുത്തിയത് (4:53,54), 9. ശിമയോൻ പത്രോസിന്റെ സഹോദരൻ അന്ത്രയോസ് (1:40), 10. യോഹന്നാന്റെ (3:30)





## ക്വിസ്

നമ്പ്ര് : 12/2023

താഴെകാണുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതി
ഈ മാസം 15നു മുമ്പ് ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കുക.
തിരഞ്ഞെടുക്കപ്പെടുന്ന ഒരാൾക്ക് സമ്മാനം നൽകുന്നു.

*ചോദ്യങ്ങൾ : (കഴിഞ്ഞ ലക്കം സ്നേഹദൂതിൽ നിന്ന്)*

1. മറ്റ് പഴയ നിയമഗ്രന്ഥങ്ങളിൽ നിന്നും വ്യത്യസ്തമായി ദൈവരാജ്യം പ്രധാന വിഷയമാകുന്നത് ഏത് പുസ്തകത്തിലാണ് ?
2. 'അപ്പോൾ തങ്ങൾ കുത്തിമുറിവേല്പിച്ചവനെ നോക്കി, ഏകജാതനെ പ്രതിയെന്ന പോലെ അവർ കരയും' ആരുടെ വാക്കുകൾ ?
3. ഇസ്രായേൽ സ്ഥാപിതമായത് ഏത് വർഷത്തിലാണ് ?
4. സ്വന്തം കഴിവ് ഉപയോഗിച്ച് മാറ്റങ്ങൾ സമൂഹത്തിലും ജോലി ചെയ്യുന്ന സ്ഥാപനങ്ങളിലും ഉണ്ടാക്കാൻ പറ്റുന്നതിനെ എന്ത് പറയുന്നു ?
5. 'എനിക്ക് ജീവിതം ക്രിസ്തുവും, മരണം നേട്ടവുമാണ്' ആരുടെ വാക്കുകൾ ?

| *ക്വിസ് 11/2023 ഉത്തരങ്ങൾ* | *വിജയി* |
|---|---|
| 1. ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ<br>2. പരിശുദ്ധ മാതാവ്<br>3. വി. മാർഗരറ്റ് മേരി അലക്കോക്ക്<br>4. എസെക്കിയേൽ<br>5. ന്യൂഡൽഹി | **ആൻലിൻ മരിയ പോളി**<br>St. Antony's Unit |

### ജൂബിലി മിഷൻ മെഡിക്കൽസ് തിരിച്ചറിയൽ മത്സരം 12/2023

സമ്മാനം സ്പോൺസർ ചെയ്യുന്നത് :
**ജൂബിലി മിഷൻ മെഡിക്കൽസ്, മിഷ്യനാശുപത്രിക്കു മുൻവശം, തൃശ്ശൂർ, ഫോൺ : 9496214911**

ആളെ തിരിച്ചറിയൂ... സമ്മാനം നേടൂ... ബോക്സിൽ കൊടുത്തിട്ടുള്ള ചിത്രത്തിൽ നിന്ന് യഥാർഥ വ്യക്തിയുടെ പേര് വൈറ്റ് പേപ്പറിൽ എഴുതി ഈ മാസം 15ന് മുമ്പ് ബുള്ളറ്റിൻ ബോക്സിലിടുക.



**തിരിച്ചറിയൽ മത്സരം – 11/2023**
**ഉത്തരം : ആൻസി സോജൻ**
**വിജയി**
**റോബർട്ട് എ. എ.**
**സെന്റ് ഫ്രാൻസീസ് യൂണിറ്റ്**





# യുണൈറ്റഡ് ഡ്രൈവിങ്ങ് സ്കൂൾ

Reg. No. L1/2/2001/R

പനമ്പിള്ളി ബിൽഡിങ്ങ്, വളർക്കാവ്, തൃശൂർ - 6 *Mob : 9562483260*

*Off : 0487 - 2428290,*

*Joseph Mathew, Mob : 9447442286*

സ്ത്രീകളെ സ്ത്രീകൾ തന്നെ പഠിപ്പിക്കുന്നു.

NB : ഞായറാഴ്ചകളിൽ സ്പെഷ്യൽ ബാച്ച് ആരംഭിച്ചിരിക്കുന്നു.



# ബ്യൂ - ഐഡൽ

## ബ്യൂട്ടിപാർലർ

ഗാന്ധിഗ്രാമം റോഡ്,

ഹൗസ് നമ്പർ : 16, വളർക്കാവ്

ഫോൺ : 7736184901

ബിന്ദു ജോസഫ് : 9656338007

*3000 രൂപ മുതൽ ബ്രൈഡൽ മെയ്ക്ക് അപ്പ് കല്ല്യാണവർക്കുകൾ ചെയ്തുകൊടുക്കുന്നതാണ്.*

# സൗജന്യ ആയുർവ്വേദ ചികിത്സ

**ഡിസ്ക് ബൾജ്, കാൽമുട്ട് തേയ്മാനം, വെരിക്കോസ് വെയിൻ, സോറിയാസിസ്, ഫിസ്റ്റുല, പൈൽസ്, ആമവാതം, തളർവാതം, ഗർഭാശയം ഇറങ്ങി വരുക എന്നീ രോഗങ്ങൾക്ക് സൗജന്യ ചികിത്സ (ഇൻഷുറൻസ് സൗകര്യം ഉള്ളവർക്ക്)**

**മരിയൻ ആയുർവ്വേദ ഹോസ്പിറ്റൽ, മണ്ണുത്തി**

**മരിയൻ ആയുർവ്വേദ ക്ലിനിക്ക്, നെല്ലിക്കുന്ന്**

**ബുക്കിംഗ് : 9895711726**

**മരിയൻ ആയുർവ്വേദ റിസോർട്ട്, പൂമല, തൃശ്ശൂർ**






## കുടുംബകൂട്ടായ്മ - വചനവായന, സമയങ്ങൾ

വചനത്തിന്റെ ചുരുളിൽ ജീവിതത്തിന്റെ പൊരുളുണ്ട്. ഈ പൊരുൾ കുടുംബസമ്മേളനത്തിൽ കണ്ടെത്താൻ നമുക്ക് പരിശ്രമിക്കാം.

| | | | |
|---|---|---|---|
| | **ഒന്നാം ഞായർ 03 – 12 – 2023** | | |
| 1. | സെ. എവുപ്രാസ്യമ്മ | 2.30 pm | വല്ലച്ചിറക്കാരൻ മേരി ഔസേപ്പ് |
| 2. | സെ. മദർ തെരേസ | 3.15 pm | മൂഞ്ഞേലി ചാക്കോരു ജോർജ്ജ് |
| 3. | സെ. ജോൺ | 4.00 pm | പുലിക്കോട്ടിൽ തോമസ് ഫ്രാൻസീസ്, ഗ്രീൻ പാർക്ക് |
| 4. | സെ. തോമസ് | 2.30 pm | ഞാലിപറമ്പിൽ മോഹൻ ഭാര്യ ജാൻസി, ഗാന്ധിഗ്രാമം |
| 5. | ലിറ്റിൽ ഫ്ളവർ | 3.15 pm | ചാലിശ്ശേരി ജെയ്ക്കബ്ബ്, ജനത റോഡ് |
| 6. | സെ. വിൻസെന്റ് ഡി പോൾ | 4.00 pm | പാണേങ്ങാടൻ ഫ്രാൻസീസ് ഭാര്യ സോഫി, എസ്.എൻ. റോഡ് |
| | **രണ്ടാം ഞായർ 10 – 12 – 2023** | | |
| 7. | സെ. ജെയിംസ് | 2.30 pm | ചാഴൂർ പാവു |
| 8. | വിമലനാഥ | 3.15 pm | വാർഷികം 6 pm, ബേസ്മെന്റ് ഹാൾ |
| 9. | ഗുഡ്ഷെപ്പേർഡ് | 4.00 pm | പോരന്തരപ്പിള്ളി ജെയ്ക്കബ്ബ് ഭാര്യ പുഷ്പാറാണി, പ്ലോട്ടം നം. 45 |
| 10. | സെ. മേരീസ് | 2.30 pm | ചാഴൂർ ചാണ്ടി കുഞ്ഞുവറീത് മകൻ ജോസ് |
| 11. | സെ. ജോസഫ് | 3.15 pm | പൊറത്തൂർ റാഫേൽ ഭാര്യ റോസി |
| 12. | സെ. സെബാസ്റ്റ്യൻ | 4.00 pm | കണ്ണമ്പുഴ ഇഗ്നേഷ്യസ് ജെയ്ക്കബ് |
| | **മൂന്നാം ഞായർ 17 – 12 – 2023** | | |
| 13. | സെ. ക്ലാര | 2.30 pm | തേലേക്കാടൻ പൗലോസ്, സ്നേഹ സ്ട്രീറ്റ് |
| 14. | സെ. പോൾ | 3.15 pm | വല്ലച്ചിറക്കാരൻ ഈനാശു സിസിലി, ഇ.എം.എസ്. റോഡ് |
| 15. | സെ. ഫ്രാൻസിസ് | 4.00 pm | തേയ്ക്കാനത്ത് ചേർപ്പൂക്കാരൻ സജി ഭാര്യ ഷൈനി |
| 16. | സെക്രഡ് ഹാർട്ട് | 2.30 pm | തൈക്കാട്ടിൽ ജോയ്, ആനി ബസന്റ് സ്ട്രീറ്റ് |
| 17. | സെ. സേവ്യർ | 3.15 pm | ചിറയത്ത് വില്ല്യംസ് ജോൺസൻ |
| 18. | സെ. ആന്റണീസ് | 4.00 pm | കൊള്ളന്നൂർ തങ്കമ്മ, ഫ്രണ്ട്സ് ലെയിൻ |
| | **നാലാം ഞായർ 24 – 12 – 2023** | | |
| 19. | സെ. ജോർജ് | 2.00 pm | കവലക്കാട്ട് ഓവുങ്ങൽ റോസി |
| 20. | സെ. റാഫേൽ | 2.45 pm | നീലങ്കാവിൽ കൊളേങ്ങാടൻ മേഗി, നമ്പർ. 99, ദിൻഹാ റോഡ് |
| 21. | സെ. ജൂഡ് | 3.30 pm | കണ്ണമ്പുഴ വർഗ്ഗീസ് ജോയ്, അപ്സര ഗാർഡൻ |
| 22. | ആവേ മരിയ | 4.15 pm | |
| 23. | ഡോൺബോസ്ക്കോ | 2.00 pm | കെ. വി. പോൾ, കുണ്ടുകുളങ്ങര, ജീസസ് ലെയിൻ |
| 24. | മേരിമാത | 2.45 pm | കവലക്കാട്ട് വെളുത്ത പൊറിഞ്ചു ജോബി സെബാസ്റ്റ്യൻ, ഒലിവ് ഗാർഡൻ |
| 25. | ലൂർദ് മാത | 3.30 pm | |
| 26. | ഹോളി ഫാമിലി | 4.15 pm | പുളിക്കൽ വർഗ്ഗീസ് ലിൻസൻ, സ്വരാജ് നഗർ |

## ഓർമദിനങ്ങൾ | ഡിസംബർ 2023

| | | |
|---|---|---|
| 01 വെള്ളി | - | മാസാദ്യവെള്ളി |
| 02 ശനി | - | വി. ഫ്രാൻസീസ് സേവ്യർ |
| 07 വ്യാഴം | - | വി. അംബ്രോസ് |
| 08 വെള്ളി | - | പ. ക. മറിയത്തിന്റെ അമലോത്ഭവത്തിരുനാൾ |
| 14 വ്യാഴം | - | കുരിശിന്റെ വി. യോഹന്നാൻ |
| 18 തിങ്കൾ | - | മൈലാപ്പൂരിലെ അത്ഭുതസ്ലീവ |
| 25 തിങ്കൾ | - | നമ്മുടെ കർത്താവീശോമിശിഹായുടെ പിറവിത്തിരുനാൾ |
| 26 ചൊവ്വ | - | വി. എസ്തപ്പാനോസ് |
| 27 ബുധൻ | - | യോഹന്നാൻ ശ്ലീഹാ |
| 28 വ്യാഴം | - | കുഞ്ഞിപ്പൈതങ്ങൾ (ശിശുദിനം) |
| 29 വെള്ളി | - | ദൈവമാതൃത്വത്തിരുനാൾ |



ഏവർക്കും സ്നേഹദൂത്
പത്രാധിപസമിതിയുടെ
**ക്രിസ്തുമസ്**
**ആശംസകൾ**

*Be healthy........ Be safe with Homoeopathy*
**ഡോ. സ്മിത ജോസഫ്** B.H.M.S.
SRA 43, ശാസ്ത്രി റോഡ്, നെല്ലിക്കുന്ന്
**പരിശോധന സമയം** : 4.30 p.m. - 7.30 p.m.
Booking : 9744766901





# പ്രതിനിധിയോഗ തീരുമാനങ്ങൾ



## നവംബർ

2023 നവംബർ 12-ാം തീയതി രാവിലെ 7.30ന്റെ വി. കുർബാനയ്ക്കുശേഷം ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ പ്രതിനിധി യോഗം കൂടുകയുണ്ടായി. യോഗത്തിൽ 47 അംഗങ്ങൾ പങ്കെടുത്തു.

1. പ്രാർത്ഥനയോടുകൂടി ആരംഭിച്ച പ്രതിനിധി യോഗത്തിൽ നടത്തുകൈക്കാരൻ ശ്രീ. രാജൻ പല്ലൻ സ്വാഗതം പറഞ്ഞു.

2. 2023 ഒക്ടോബർ മാസത്തിലെ റിപ്പോർട്ട്, വരവ് ചിലവ് കണക്ക്, പുവർ ഫണ്ട് അക്കൗണ്ട് ഓഡിറ്റ് റിപ്പോർട്ട് എന്നിവ വായിച്ച് പാസാക്കി.

3. 2023 ഒക്ടോബർ 22 ന് കൂടിയ പൊതുയോഗത്തിൽ 2024 ലെ തിരുനാൾ നടത്തിപ്പിനായി തെരെഞ്ഞെടുത്ത കമ്മിറ്റിയെ പൊതുയോഗം സാധൂകരിച്ചു.

4. ഇടവകയുടെ ജീവകാരുണ്യ പ്രസ്ഥാനമായ സാന്ത്വനം മുഖേന സെപ്റ്റംബർ മാസത്തിൽ 76,000/- രൂപയുടെ കാരുണ്യ പ്രവർത്തികൾ നടത്തിയതായി കൺവീനർ ശ്രീ. ഒ.ഡി. ജോസഫ് യോഗത്തെ അറിയിച്ചു.

5. 2024 ലെ തിരുനാൾ ഭംഗിയായി നടത്തുന്നതിന് എല്ലാവരും ആൽമാർത്ഥമായി ശ്രമിക്കണമെന്ന് വികാരിയച്ചൻ ആഹ്വാനം ചെയ്തു.

6. യോഗത്തിൽ സെക്രട്ടറി ശ്രീ. ലിവിൻ സൈമൺ നന്ദി പറഞ്ഞു.

7. പ്രാർത്ഥനയോടെ യോഗം അവസാനിച്ചു.

**ഡോ. ലിവിൻ സൈമൺ തൈക്കാട്ടിൽ**
(പ്രതിനിധിയോഗം സെക്രട്ടറി)

സ്നേഹദൂത്

Since 1997

വചനവഴിയേ...

# ബൈബിൾ കലണ്ടർ

## 2023 ഡിസംബർ

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| **31**<br>ലൂക്കാ<br>13/6-9<br>1 തിമോ<br>6/6-12 | | | | | **1**<br>ലൂക്കാ<br>19/45-48<br>വെളി<br>14/1-7 | **2**<br>മർക്കോ<br>6/7-13<br>2 കോറി<br>6/3-10 |
| **3**<br>ലൂക്കാ<br>1/5-20<br>ഹെബ്രാ<br>11/1-12 | **4**<br>മത്താ<br>7/21-27<br>റോമ<br>4/1-12 | **5**<br>യോഹ<br>1/1-8<br>റോമ<br>4/13-21 | **6**<br>യോഹ<br>5/31-36<br>കൊളോ<br>1/24-29 | **7**<br>ലൂക്കാ<br>1/21-25<br>2 തിമോ<br>4/1-8 | **8**<br>ലൂക്കാ<br>1/46-55<br>ഹെബ്ര<br>1/1-3, 2/16-18 | **9**<br>യോഹ<br>3/16-21<br>1 യോഹ<br>4/7-12 |
| **10**<br>ലൂക്കാ<br>1/26-38<br>വെളി<br>5/1-5 | **11**<br>മത്താ<br>22/41-46<br>റോമ<br>1/1-7 | **12**<br>ലൂക്കാ<br>1/39-45<br>എഫേ<br>3/1-13 | **13**<br>ലൂക്കാ<br>1/46-56<br>എഫേ<br>3/14-21 | **14**<br>ലൂക്കാ<br>14/25-33<br>1 കോറി<br>2/1-10 | **15**<br>ലൂക്കാ<br>6/27-36<br>റോമ<br>12/9-21 | **16**<br>യോഹ<br>8/48-58<br>കൊളോ<br>1/12-19 |
| **17**<br>ലൂക്കാ<br>1/57-66<br>1 കോറി<br>1/26-31 | **18**<br>യോഹ<br>14/1-6<br>എഫേ<br>2/14-22 | **19**<br>മത്താ<br>11/7-15<br>2 കോറി<br>3/1-11 | **20**<br>മർക്കോ<br>3/31-35<br>1 പത്രോ<br>2/1-10 | **21**<br>ലൂക്കാ<br>7/30-35<br>1 കോറി<br>10/23-33 | **22**<br>ലൂക്കാ<br>6/37-42<br>റോമ<br>2/1-9 | **23**<br>യോഹ<br>3/22-30<br>ഗലാ<br>4/12-20 |
| **24**<br>മത്താ<br>1/18-24<br>വെളി<br>21/1-7 | **25**<br>ലൂക്കാ<br>2/1-14<br>ഹെബ്രാ<br>1/1-14 | **26**<br>മത്താ<br>2/19-23<br>റോമാ<br>8/14-17 | **27**<br>യോഹാ<br>21/20-24<br>റോമാ<br>8/35-39 | **28**<br>മത്താ<br>2/13-18<br>ഹെബ്രാ<br>11/3-10,32-38 | **29**<br>ലൂക്കാ<br>8/19-21<br>ഗലാ<br>4/1-7 | **30**<br>ലൂക്കാ<br>2/36-40<br>1 കോറി<br>1/4-9 |

### പഴയനിയമ വായനകൾ

| | | |
|---|---|---|
| 3 | ഉത്പ 17/1-5, 15-19 | മലാ 2/17-3:5 |
| 10 | ഉത്പ 3/8-24 | ജറെ 33/14-26 |
| 17 | ഉത്പ 21/1-12 | ഏശ 40/1-11 |
| 24 | പുറ 34/1-9 | യോനാ 2/1-10 |
| 31 | ഉത്പ 18/1-8 | ഏശ 11/1-12 |